05
2026
നവംബർ
വ്യാഴം
തുലാം 19

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 205 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-205 പേജ് 4. വില 2.00 രൂപ



02 ഫയലുകൾ കെട്ടിക്കിടക്കുന്ന രീതി മാറണം: മുഖ്യമന്ത്രി വി.ഡി. സതീശൻ

03 പൊലിസിനെ വെട്ടിച്ച് രക്ഷപ്പെടാൻ ശ്രമിച്ച പ്രതി ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു

04 ആർടിഎ പ്രകാരമുള്ള ഫീസ് മാത്രമേ ഈടാക്കാവൂ: ഹൈക്കോടതി

മുടങ്ങിയ പെൻഷൻ നൽകാൻ ഫിഷറീസ് വകുപ്പിന്റെ ശുപാർശ

മത്സ്യത്തൊഴിലാളി പെൻഷൻ മുടങ്ങാതിരിക്കാൻ ആധാർ ഓതെന്റീഫിക്കേഷൻ പൂർത്തിയാക്കണം

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് തുടർന്നും മുടക്കമില്ലാതെ പെൻഷൻ ലഭിക്കുന്നതിനായി ആധാർ ഓതെന്റീഫിക്കേഷൻ പൂർത്തിയാക്കാത്തവർ എത്രയും വേഗം നടപടികൾ പൂർത്തിയാക്കണമെന്ന് ഫിഷറീസ് വകുപ്പ് അറിയിച്ചു. ബോർഡിന് കീഴിൽ ആകെയുള്ള 73,657 പെൻഷൻ ഗുണഭോക്താക്കളിൽ ഇതുവരെ 59,061 പേർ മാത്രമാണ് ആധാർ ഓതെന്റീഫിക്കേഷൻ പൂർത്തിയാക്കിയത്. ഇനി ഓതെന്റീഫിക്കേഷൻ പൂർത്തിയാക്കാനുള്ള 14,596 പേരിൽ 2,253 പേർ മരണപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് തുടർന്നുള്ള മാസങ്ങളിൽ പെൻഷൻ ലഭിക്കണമെങ്കിൽ ആധാർ കാർഡിന്റെയും



പെൻഷൻ പാസ്ബുക്കിന്റെയും പകർപ്പുമായി ബന്ധപ്പെട്ട ഫിഷറീസ് ഓഫീസിലെത്തി ഓതെന്റീഫിക്കേഷൻ നിർബന്ധമായും പൂർത്തിയാക്കേണ്ടതുണ്ട്. അതേസമയം, ഓതെന്റീഫിക്കേഷൻ വൈകിയതിനെ തുടർന്ന് പെൻഷൻ മുടങ്ങുകയും പിന്നീട് നടപടി പൂർത്തിയാക്കുകയും ചെയ്ത വർക്ക് മുടങ്ങിയ മാസത്തെ പണം അടിയന്തരമായി അനുവദിക്കണമെന്ന ശുപാർശ ധനവകുപ്പിന് ഫിഷറീസ് വകുപ്പ് നൽകിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പെൻഷൻ കൈപ്പറ്റുന്നവർ സെപ്റ്റംബർ 15-നകം ആധാർ ഓതെന്റീഫിക്കേഷൻ പൂർത്തീകരിക്കണമെന്നും ഇത് പൂർത്തിയാക്കിയവർക്ക് മാത്രമേ തുടർന്നുള്ള മാസങ്ങളിലെ പെൻഷൻ ലഭിക്കുകയുള്ളൂവെന്നും ധനകാര്യ വകുപ്പ് കഴിഞ്ഞ ഓഗസ്റ്റിൽ കർശന നിർദേശം നൽകിയിരുന്നു. ആദ്യഘട്ടത്തിൽ 23,657 പേർ ഓതെന്റീഫിക്കേഷൻ പൂർത്തിയാക്കാൻ ബാക്കിയുണ്ടായിരുന്ന സാഹചര്യത്തിൽ, ഫിഷറീസ് വകുപ്പ് മന്ത്രി അഡ്വ. വി.ഇ. അബ്ദുൾ ഗഫൂറിന്റെ നിർദേശപ്രകാരം ഇതിനുള്ള സമയപരിധി ഒക്ടോബർ 15 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു.

ധനവകുപ്പിന്റെ നിബന്ധനയെ തുടർന്ന് 2026 ഓഗസ്റ്റ് മാസത്തെ പെൻഷൻ ലഭിച്ച 16,591 ഗുണഭോക്താക്കൾക്ക് സെപ്റ്റംബർ മാസത്തെ പെൻഷൻ ലഭിച്ചിരുന്നില്ല. തിരുവനന്തപുരം മേഖലയിൽ 3,906 പേർക്കും ആലപ്പുഴയിൽ 4,581 പേർക്കും എറണാകുളത്ത് 2,849 പേർക്കും കോഴിക്കോട് 4,706 പേർക്കും, കണ്ണൂരിൽ 549 പേർക്കുമാണ് സെപ്റ്റംബറിലെ പെൻഷൻ മുടങ്ങിയത്. എന്നാൽ സർക്കാർ അനുവദിച്ച അധിക സമയപരിധി പ്രയോജനപ്പെടുത്തി ഇതിൽ 10,497 പേർ (തിരുവനന്തപുരം-2,410, ആലപ്പുഴ-2,882, എറണാകുളം-2,195, കോഴിക്കോട്-2,645, കണ്ണൂർ-365) ഇതിനകം ആധാർ ഓതെന്റീഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഓതെന്റീഫിക്കേഷൻ പൂർത്തിയാക്കിയവർക്ക് മുടങ്ങിയ മാസത്തെ പെൻഷൻ തുക വിതരണം ചെയ്യാനാണ് ഫിഷറീസ് വകുപ്പ് ധനവകുപ്പിനോട് ശുപാർശ ചെയ്തിരിക്കുന്നത്.

മേഖലാടിസ്ഥാനത്തിലുള്ള കണക്കുകൾ പ്രകാരം തിരുവനന്തപുരം മേഖലയിലെ ആകെ 21,191 ഗുണഭോക്താക്കളിൽ 15,766 പേരും ആലപ്പുഴയിലെ 22,234 പേരിൽ 18,572 പേരും എറണാകുളത്തെ 15,272 പേരിൽ 13,892 പേരും കോഴിക്കോട്ടെ 10,221 പേരിൽ 6,713 പേരും കണ്ണൂരിലെ 4,739 പേരിൽ 4,118 പേരും ആധാർ ഓതെന്റീഫിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. തിരുവനന്തപുരം മേഖലയിൽ 5,425 പേരും ആലപ്പുഴയിൽ 3,662 പേരും കോഴിക്കോട് 3,508 പേരും എറണാകുളത്ത് 1,380 പേരും കണ്ണൂരിൽ 621 പേരുമാണ് ഇനി ഓതെന്റീഫിക്കേഷൻ പൂർത്തിയാക്കാനുള്ളത്. ഓതെന്റീഫിക്കേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് മുടങ്ങിയ പെൻഷൻ തുക തിരികെ ലഭിക്കുമെന്നതിനാൽ ഇനിയും നടപടികൾ പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ എത്രയും വേഗം അടുത്തുള്ള ഫിഷറീസ് ഓഫീസുമായി ബന്ധപ്പെട്ട് ആധാർ ഓതെന്റീഫിക്കേഷൻ പൂർത്തീകരിക്കണമെന്ന് അധികൃതർ അഭ്യർത്ഥിച്ചു.

നടിയെ ആക്രമിച്ച കേസ്: വിചാരണക്കോടതി ജഡ്ജിക്കെതിരെ അതിജീവിതയുടെ അഭിഭാഷകയുടെ ഹർജി, ഇന്ന് പരിഗണിക്കും

കൊച്ചി: നടിയെ ആക്രമിച്ച കേസിൽ അപകീർത്തികരമായ ദൃശ്യങ്ങൾ പകർത്തിയെന്ന കേസ് പരിഗണിച്ച എറണാകുളം മുൻ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജി ഹണി എം. വർഗീസിനെതിരെ കോടതിയലക്ഷ്യ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് അതിജീവിതയുടെ അഭിഭാഷകയായിരുന്ന അഡ്വ. ടി.ബി. മിനി നൽകിയ ഹർജി ഇന്ന് ഹൈക്കോടതി പരിഗണിക്കും.

വിചാരണക്കാലയളവിൽ അഭിഭാഷക കോടതിയിൽ എത്തിയത് 10 ദിവസത്തിൽ താഴെ മാത്രമാണ്. അര മണിക്കൂർ മാത്രമാണ് കോടതിയിൽ ഉണ്ടാകാറുള്ളത്, ആ സമയം ഉറങ്ങുകയാണ് പതിവ്. വിശ്രമസ്ഥലം എന്ന രീതിയിലാണ് ടി.ബി. മിനി കോടതിയിലെത്തുന്നത്. എന്നിട്ടാണ് അത് കേട്ടില്ല, പരിഗണിച്ചില്ല എന്ന് പറയാറുള്ളത് എന്നായിരുന്നു ജഡ്ജിയുടെ വിമർശനം.ജനുവരി 12ന് കോടതി നടപടികൾക്കിടെ ജഡ്ജി അധിക്ഷേപകരമായി സംസാരിച്ചതു കോടതിയലക്ഷ്യമാണെന്നാണ് ഹർജിക്കാരിയുടെ വാദം. വിചാരണ വേളയിൽ താൻ ഇരുന്നൂറിലേറെ ദിവസങ്ങൾ ഹാജരായിട്ടുണ്ട്. വിചാരണക്കോടതി ജഡ്ജിയുടെ തെറ്റായ പരാമർശങ്ങൾ മാധ്യമങ്ങളിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയും വ്യാപകമായി പ്രചരിച്ചു.ഇത് തൻറെ അന്തസിനെയും തൊഴിൽ ചെയ്യുന്നതിനുള്ള അവകാശത്തെയും ബാധിച്ചു. ജഡ്ജിക്കെതിരെ കോടതിയലക്ഷ്യ നടപടിക്ക് അനുമതി തേടി നൽകിയ അപേക്ഷ അഡ്വക്കേറ്റ് ജനറൽ തള്ളിയിരുന്നു. തുടർന്നാണ് ഹർജി ഫയൽ ചെയ്തത്.ഹർജി പരാതിയായി പരിഗണിച്ചു ഹൈക്കോടതി സ്വമേധയാ കോടതിയലക്ഷ്യ നടപടി സ്വീകരിക്കുക, ജഡ്ജിയുടെ പരാമർശങ്ങൾ നീക്കം ചെയ്യുക, സമൂഹമാധ്യമങ്ങളിലെ അപകീർത്തികരമായ വാർത്തകളും വീഡിയോകളും നീക്കം ചെയ്യാൻ കേന്ദ്ര ഐടി മന്ത്രാലയത്തിനു നിർദേശം നൽകുക തുടങ്ങിയ ആവശ്യങ്ങളാണ് അഡ്വ. ടി.ബി. മിനി ഉന്നയിച്ചിരിക്കുന്നത്. ജസ്റ്റീസ് പി.വി. കുഞ്ഞികൃഷ്ണൻ ഹർജി പരിഗണിക്കും.

വോട്ടർപട്ടികയിൽനിന്നു പുറത്തായവർക്കും ഫോം 6 ഉപയോഗിക്കാം

ന്യൂഡൽഹി: മുൻപ് വോട്ടർപട്ടികയിൽ പേരുണ്ടായിരുന്നെങ്കിലും പുതിയ കരട് പട്ടികയിൽനിന്ന് ഒഴിവാക്കപ്പെട്ടവർക്ക് വീണ്ടും പേര് ചേർക്കാൻ ഫോം 6 ഉപയോഗിക്കാമെന്നു കേന്ദ്ര തെരഞ്ഞെടുപ്പു കമ്മിഷൻ വ്യക്തമാക്കി.

പുതുതായി വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനാണ് സാധാരണ ഫോം 6 ഉപയോഗിക്കുന്നത്. എന്നാൽ, മുൻപ് പേരുണ്ടായിരുന്നവർ ഈ ഫോം ഉപയോഗിച്ച് അപേക്ഷിച്ചാൽ തെറ്റായ സത്യപ്രസ്താവന നൽകിയതായി കണക്കാക്കി ശിക്ഷാനടപടികൾ സ്വീകരിക്കില്ലെന്നും കമ്മിഷൻ അറിയിച്ചു.

ഫോം 6-ൽ ആദ്യമായാണ് അപേക്ഷിക്കുന്നത് എന്ന നിർബന്ധിത വിവരണമുള്ളതിനാൽ, ജനപ്രാതിനിധ്യ നിയമം (1950) സെക്ഷൻ 31 പ്രകാരം നിയമനടപടി നേരിടേണ്ടിവരുമോയെന്ന ഭയത്താൽ പലരും അപേക്ഷിക്കാൻ മടിക്കുന്നതായി റിപ്പോർട്ടുകളുണ്ടായിരുന്നു. ഈ സാഹചര്യത്തിലാണു തെരഞ്ഞെടുപ്പു കമ്മിഷൻ വ്യക്തത വരുത്തിയത്.

ഡൽഹി ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണു കമ്മിഷൻറെ ഈ വിശദീകരണം. മുൻപ് വോട്ടർമാരായിരുന്നെങ്കിലും കരട് പട്ടികയിൽ പേരുൾപ്പെടാത്തവർ അന്തിമപട്ടികയ്ക്കായി ഫോം 6 സമർപ്പിക്കുമ്പോൾ അതു തെറ്റായ വിവരം നൽകലായി കണക്കാക്കരുത്.

മറ്റു മണ്ഡലങ്ങളിൽ വോട്ടില്ലാത്ത അപേക്ഷകർക്കെതിരേ സെക്ഷൻ 31 പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കരുതെന്ന് എല്ലാ സംസ്ഥാന തെരഞ്ഞെടുപ്പ് ഓഫീസർമാർക്കും കമ്മിഷൻ നിർദേശം നൽകി.

മദ്യനയം പ്രഖ്യാപിച്ചശേഷം മാത്രം ലൈസൻസ്: മന്ത്രി

തിരുവനന്തപുരം: യുഡിഎഫ് സർക്കാരിൻറെ മദ്യനയം പ്രഖ്യാപിച്ചശേഷം മാത്രമേ ബാർ ലൈസൻസുകൾ നൽകുകയുള്ളുവെന്ന് എക്സൈസ് മന്ത്രി എം. ലിജു.ഇതുവരെ നൽകിയ ലൈസൻസുകളെ സംബന്ധിച്ച് നിയമോപദേശം തേടിയിട്ടുണ്ട്. സർക്കാർ അറിയാതെ താഴെത്തട്ടിൽ തീരുമാനമെടുക്കാനാണ് മുൻ സർക്കാർ ഉണ്ടാക്കിയ ചട്ടം. അത് പൊളിച്ചെഴുതുമെന്നും മന്ത്രി വ്യക്തമാക്കി.

ഉദ്യോഗസ്ഥരെ മാറ്റുന്നത് സർക്കാരിൻറെ ഭരണപരമായ കാര്യങ്ങളാണ്. സർക്കാരിനെ അറിയിക്കാതെ ബാർ ലൈസൻസിന് അനുമതി നൽകിയ എക്സൈസ് കമ്മിഷണറോട് വിശദീകരണം തേടിയിട്ടുണ്ട്. ചുമതല ഏറ്റെടുത്ത ആദ്യനാളുകളിൽ എക്സൈസ് കമ്മിഷണർക്ക് ധാരണ കിട്ടാത്തതാകാമെന്നും മന്ത്രി പറഞ്ഞു.


എഫ് എൽ സെവൻ ലൈസൻസ് നൽകുന്നത് സർക്കാർ നയത്തിനു ശേഷം മതിയെന്ന് അറിയിച്ചിരുന്നു. സർക്കാർ നയത്തിൻറെ തുടർച്ചയായി കമ്മിഷണർ ലൈസൻസ് അനുവദിച്ചിരുന്നു. എങ്കിലും സർക്കാരിനെ അറിയിക്കേണ്ടതായിരുന്നു. സർക്കാർ നടത്തിയ പരിശോധനയിലാണ് ബാർ ലൈസൻസുകളുടെ കാര്യത്തിൽ വീഴ്ചകൾ കണ്ടെത്തിയത്.

എൽഡിഎഫ് സർക്കാരിൻറെ കാലത്ത് നൽകിയ ബാർ ലൈസൻസുകളെല്ലാം വിശദമായി പരിശോധിക്കുമെന്നും അദ്ദേഹം പറഞ്ഞു. നേരത്തേ വീഴ്ചകൾ ബോധ്യപ്പെട്ടതിൻറെ അടിസ്ഥാനത്തിലാണ് രണ്ട് ഡെപ്യൂട്ടി കമ്മിഷണർമാരെ സസ്പെൻഡ് ചെയ്തത്.

മുൻ എക്സൈസ് മന്ത്രി എം.ബി. രാജേഷ് തൃപ്തനായ മന്ത്രിയും താൻ അതൃപ്തനായ മന്ത്രിയുമാണ്. നാട് മുഴുവൻ ബാറുകൾക്ക് ലൈസൻസ് നൽകിയ ഇടത് സർക്കാരിനോടും മുൻ മന്ത്രി എം.ബി. രാജേഷിനോടും അസംതൃപ്തിയും അതൃപ്തിയും തനിക്കുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി.



ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെമ്പർ ആദ്യ ഉപകേന്ദ്രത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി. സതീശൻ നിർവഹിക്കുന്നു





പുതുയുഗ വനിതാനയം ഹെർ സമ്മിറ്റ് 2026 ന്റെ സമാപന പരിപാടി തിരുവനന്തപുരം ഹൈസിന്ത് ഹോട്ടലിൽ ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി ബിന്ദു കൃഷ്ണ സമീപം

മകൾക്കൊപ്പം; പുതുയുഗ വനിതാനയം ഹെർ സമ്മിറ്റ് 2026 സമാപിച്ചു.

സംസ്ഥാന തലം മുതൽ പഞ്ചായത്ത് തലം വരെയുള്ള നയരൂപീകരണ സമിതികളിൽ സ്ത്രീകൾക്ക് 50% പ്രാതിനിധ്യം ഉറപ്പാക്കണമെന്ന് ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ. മകൾക്കൊപ്പം പദ്ധതിയുടെ ഭാഗമായി വനിതാ ശിശു വികസന വകുപ്പ് തിരുവനന്തപുരം ഹൈസിന്ത് ഹോട്ടലിൽ രണ്ട് ദിവസങ്ങളിലായി സംഘടിപ്പിച്ച പുതുയുഗ വനിതാനയം ഹെർ സമ്മിറ്റ് 2026 ന്റെ സമാപന പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ഡെപ്യൂട്ടി സ്പീക്കർ.

സ്ത്രീകൾക്കെതിരായ കേസുകളിൽ വർഷങ്ങളോളം വിധി നീണ്ടുപോകാതെ എത്രയും പെട്ടെന്ന് തീർപ്പ് കൽപ്പിക്കുന്നതിനായി പ്രത്യേക സംവിധാനം ഉണ്ടാകണം. നിയമ സാക്ഷരതയ്ക്ക് പുറമേ ഇന്നത്തെ കാലഘട്ടത്തിന് അനുയോജ്യമായ ഡിജിറ്റൽ സാക്ഷരതയും സ്ത്രീകൾക്ക് ലഭ്യമാക്കണം. തദ്ദേശ സ്ഥാപനങ്ങളിലെ മുൻ വനിത അധ്യക്ഷരെ ഉൾപ്പെടുത്തി കക്ഷിരാഷ്ട്രീയത്തിന് അതീതമായി കൂട്ടായ്മ വിളിച്ചു ചേർക്കണമെന്നും ഡെപ്യൂട്ടി സ്പീക്കർ നിർദ്ദേശിച്ചു.

യൂത്ത് ജെൻ സി കോൺക്ലേവ് സംഘടിപ്പിക്കും: മന്ത്രി ബിന്ദു കൃഷ്ണ

കോളേജ് വിദ്യാർഥിനികളെയും തിരഞ്ഞെടുക്കപ്പെട്ട യുവജന നേതാക്കളെയും ഉൾപ്പെടുത്തി പ്രത്യേക 'യൂത്ത് ജെൻ സി കോൺക്ലേവ്' സംഘടിപ്പിക്കുമെന്ന് വനിതാ ശിശുവികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ. യുവതലമുറയുടെ സജീവ പങ്കാളിത്തത്തോടെ ക്യാമ്പസുകളിലും സമൂഹത്തിലും ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെയാണിത്. കേരളത്തിന്റെ വനിതാ നയം മാർച്ച് എട്ടിന് പ്രഖ്യാപിക്കുമെന്നും ഹെർ സമ്മിറ്റ് 2026 ന്റെ സമാപന പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ഡെപ്യൂട്ടി സ്പീക്കർ.

വനിതാനയം രൂപീകരണത്തിനു മുന്നോടിയായി സമൂഹത്തിന്റെ അടിത്തട്ടിലെ കാവൽക്കാരായ അംഗൻവാടി, ആശ, ഹരിതകർമ്മ സേന അംഗങ്ങളെ കേൾക്കും. പോലീസ്, അഭിഭാഷകർ, ജഡ്ജിമാർ എന്നിവരിൽനിന്നും നിയമപരമായ പിന്തുണയും വേഗത്തിലുള്ള നീതിയും ഉറപ്പാക്കാൻ അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ ഉൾപ്പെടുത്തി അതത് പ്രദേശങ്ങളിൽ പ്രാദേശിക ജാഗ്രതാസമിതികളുടെ പ്രവർത്തനം ഊർജിതമാക്കും. പൊതുജനങ്ങൾക്കും ഈ വിഷയത്തിൽ തങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും രേഖപ്പെടുത്തുന്നതിനായി ഒരു പ്രത്യേക ഇമെയിൽ വിലാസം ലഭ്യമാക്കിയതായും മന്ത്രി പറഞ്ഞു. നയരൂപീകരണത്തിലും ഭാവി പ്രവർത്തനങ്ങൾ അന്തിമമാക്കുന്നതിലും പൊതുജനങ്ങൾക്ക് ഈ ഇമെയിൽ മുഖാന്തരം പങ്കാളികളാകാം.

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി സമൂഹത്തിന്റെ എല്ലാ മേഖലകളിൽ നിന്നുമുള്ള പിന്തുണ ഉണ്ടാകണമെന്നും ഹെർ സമ്മിറ്റ് ഉച്ചകോടിയിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങൾ സമൂഹത്തിൽ വലിയൊരു മാറ്റത്തിന് തിരിതെളിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

തൊഴിൽ, സാമ്പത്തിക ശാക്തീകരണം, സംരംഭകത്വം; രാഷ്ട്രീയ പ്രാതിനിധ്യം, നേതൃത്വം, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ; വിദ്യാഭ്യാസം, ലിംഗനീതി, ആരോഗ്യം, മാനസികക്ഷേമം; സ്ത്രീസുരക്ഷ, നിയമപരമായ പിന്തുണ, നീതിന്യായം; വനിതകൾക്കുള്ള സൈബർ സുരക്ഷ എന്നീ ആശയരേഖകളെ അടിസ്ഥാനമാക്കിയാണ് അഞ്ചു സെഷനുകളിലായി ഗ്രൂപ്പ് ചർച്ച നടന്നത്.

സമാപന ചടങ്ങിൽ ജെബി മേത്തർ എം.പി, എം എൽഎമാരായ രമ്യ ഹരിദാസ്, വിദ്യാ ബാലകൃഷ്ണൻ, ഉഷവിജയൻ, വനിതാ ശിശു വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഷീബാ ജോർജ്, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

അടൂർ പൊലിസ് സ്റ്റേഷനിൽ അതിക്രമിച്ചുകയറി പ്രതിയെ കൈയേറ്റം ചെയ്ത സംഭവം: ശ്രീനാദേവി കുഞ്ഞമ്മയെ പ്രതി ചേർക്കും

പത്തനംതിട്ട: അടൂർ പൊലിസ് സ്റ്റേഷനിൽ അതിക്രമിച്ചുകയറി പ്രതിയെ കൈയേറ്റം ചെയ്ത സംഭവത്തിൽ കോൺഗ്രസ് നേതാവും ജില്ലാ പഞ്ചായത്ത് അംഗവുമായ ശ്രീനാദേവി കുഞ്ഞമ്മയെ പ്രതി ചേർക്കും. സംഭവത്തിൽ പൊലിസിന് വീഴ്ച സംഭവിച്ചെന്ന സംസ്ഥാന പൊലിസ് മേധാവിയുടെ റിപ്പോർട്ട് ആഭ്യന്തര മന്ത്രിക്ക് കൈമാറി.

കേസിൽ ഫെന്നി നൈനാൻ ഉൾപ്പെടെയുള്ള പ്രതികളെ ഉൾപ്പെടുത്തും. നിലവിലെ എഫ്ഐആറിലെ വകുപ്പുകൾ തന്നെ നിലനിർത്തുകയും ചെയ്യും. പരാതിക്കാരിയെന്ന നിലയിൽ പ്രതിയെ തിരിച്ചറിയാൻ മാത്രമാണ് സ്റ്റേഷന് അകത്തേക്ക് പോയതെന്നും സെല്ലിനകത്തേക്ക് കയറിയിട്ടില്ലെന്നുമായിരുന്നു ശ്രീനാദേവി കുഞ്ഞമ്മ സംഭവത്തിൽ പ്രതികരിച്ചത്.

കേസിൽ കൂടുതൽ പ്രതികളെ ഇന്ന് അറസ്റ്റ് ചെയ്യുമെന്നാണ് വിവരം. യൂത്ത് കോൺഗ്രസ് അടൂർ നിയോജകമണ്ഡലം പ്രസിഡൻറ് ജയകൃഷ്ണൻ പള്ളിക്കലനെ ഇന്നലെ അറസ്റ്റ് ചെയ്തിരുന്നു. നേരത്തെ അടൂർ പൊലീസ് സ്റ്റേഷനിൽ കോൺഗ്രസ് പ്രവർത്തകർ നടത്തിയ ആക്രമണത്തിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു.

ജൂലായ് മാസത്തിൽ നടത്തി സംഭവങ്ങളുടെ ദൃശ്യങ്ങളായിരുന്നു പുറത്തുവന്നത്. സമൂഹമാധ്യമത്തിലൂടെ അപമാനിച്ചെന്ന ശ്രീനദേവി കുഞ്ഞമ്മയുടെ പരാതിയിൽ എറണാകുളത്ത് നിന്നും അറസ്റ്റ് ചെയ്ത രാജൻ ജോസഫിനെ അടൂർ പൊലിസ് സ്റ്റേഷനിൽ എത്തിച്ചപ്പോഴായിരുന്നു നാടകീയ സംഭവം.

ശ്രീനാദേവി കുഞ്ഞമ്മയും ഒപ്പം വ്യജ തിരിച്ചറിയൽ കാർഡ് നിർമാണ കേസ് പ്രതി ഫെനി നൈനാനും ഇക്കൂട്ടത്തിൽ ഉണ്ടായിരുന്നു.

സംഭവത്തെ സംബന്ധിച്ച് കൃത്യമായ അറിയാമായിരുന്നിട്ടും ഇതിൽ രജിസ്റ്റർ ചെയ്ത എഫ്ഐആറിൽ ശ്രീനാദേവി കുഞ്ഞമ്മയുടേയോ ഫെനി നൈനാന്റേയോ പേരുകൾ ഉണ്ടായിരുന്നില്ല.

മുമ്പ് തന്നെ ഇവരെ സംരക്ഷിക്കാനുള്ള ശ്രമം സർക്കാർ ഇടപെടലിലെ തുടർന്ന് നടന്നിരുന്നു എന്ന വിമർശനമാണ് ശക്തമാകുന്നത്.

തൊണ്ടിമുതൽ മോഷണം: പ്രോപ്പർട്ടി റൂമുകളിൽ ജഡ്ജിമാരുടെ പരിശോധന

കൊച്ചി: എറണാകുളം ജില്ലാ കോടതിയിലെ സൂക്ഷിപ്പു കേന്ദ്രത്തിൽനിന്ന് തൊണ്ടിമുതൽ മോഷണം പോയ കേസിൽ കോടതിയിലെ പ്രോപ്പർട്ടി റൂമുകളിൽ ജഡ്ജിമാരുടെ നേതൃത്വത്തിൽ പരിശോധന. ഇന്നലെ വൈകുന്നേരമായിരുന്നു അസാധാരണ നടപടി. ചുമതലയുള്ള ഉന്നത ഉദ്യോഗസ്ഥരും ഒപ്പമുണ്ടായിരുന്നു.പരിശോധന 20 മിനിറ്റിലധികം നീണ്ടു. സാധാരണ പ്രോപ്പർട്ടി റൂമിൻറെ ചുമതലയുള്ള ഉദ്യോഗസ്ഥൻ, ഡ്യൂട്ടിസമയം കഴിഞ്ഞിറങ്ങുമ്പോൾ താഴിൽ അരക്കുവച്ച് സീൽ ചെയ്ത് താക്കോലും മറ്റും റൂമിനു കാവൽ നിൽക്കുന്ന പൊലിസ് ഉദ്യോഗസ്ഥർക്കു കൈമാറും. പിറ്റേന്ന് ഉദ്യോഗസ്ഥൻ എത്തുമ്പോൾ ഈ താക്കോൽ തിരിച്ചുനൽകും.ഈ ഘട്ടത്തിൽ സീലിന് കുഴപ്പമില്ലെന്ന് ഉറപ്പാക്കി മാത്രമേ ഉദ്യോഗസ്ഥർ താക്കോൽ ഏറ്റുവാങ്ങൂ. സംഭവത്തിൽ പ്രോപ്പർട്ടി റൂമിൻറെ ചുമതലയുണ്ടായിരുന്ന ജീവനക്കാരുടെ മൊഴി എറണാകുളം സെൻട്രൽ പൊലിസ് രേഖപ്പെടുത്തും. ജീവനക്കാർക്കല്ലാതെ തൊണ്ടിമുതൽ കടത്താനാകില്ലെന്നാണു പൊലിസിൻറെ പ്രാഥമിക നിഗമനം.എന്നാൽ പ്രോപ്പർട്ടി റൂം മാറ്റത്തിനിടെ കൈമോശം വന്നതാകാനുള്ള സാധ്യതയും അന്വേഷണസംഘം തള്ളിക്കളയുന്നില്ല.

ക്ലിഫ് ഹൗസിലെ അറ്റകുറ്റപ്പണി: മുഖ്യമന്ത്രി റിപ്പോർട്ട് തേടി

തിരുവനന്തപുരം: ക്ലിഫ് ഹൗസിൽ ഒരുകോടി രൂപ ചെലവിട്ട് അറ്റകുറ്റപ്പണി നടത്താനുള്ള പൊതുമരാമത്ത് വകുപ്പിൻറെ അനുമതി സർക്കാർ റദ്ദാക്കിയതിനു പിന്നാലെ പൊതുമരാമത്ത് സെക്രട്ടറിയോട് മുഖ്യമന്ത്രി വി.ഡി. സതീശൻ വിശദീകരണ റിപ്പോർട്ട് തേടി.സർക്കാർ അധികാരത്തിലെത്തിയതിനു പിന്നാലെ ക്ലിഫ് ഹൗസിൽ അനാവശ്യ മോടിപിടിപ്പിക്കലുകളോ പുതിയ നിർമാണ പ്രവർത്തനങ്ങളോ നടത്തരുതെന്ന് മുഖ്യമന്ത്രി നിർദേശം നൽകിയിരുന്നു.

കഴിഞ്ഞ സർക്കാരിൻറെ കാലത്ത് തയാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തികൾ നടത്തേണ്ടതില്ലെന്നും അത്യാവശ്യമായ നവീകരണ ജോലികൾ മാത്രം മതിയെന്നുമായിരുന്നു നിർദേശം.2022 മുതൽ തയാറാക്കിയ സുരക്ഷാ ഓഡിറ്റിൻറെ ഭാഗമായാണ് ഇപ്പോഴത്തെ അനുമതി നൽകിയതെന്നാണ് പൊതുമരാമത്ത് വകുപ്പിൻറെ വിശദീകരണം.എന്നാൽ മുഖ്യമന്ത്രിയുടെ നിർദേശം മറികടന്ന് ഉത്തരവിറങ്ങിയ സാഹചര്യത്തിലാണ് സെക്രട്ടറിയോട് റിപ്പോർട്ട് തേടിയത്. തുടർന്നാണ് ഒരു കോടി രൂപയുടെ അറ്റകുറ്റപ്പണിക്കുള്ള അനുമതി റദ്ദാക്കിയത്.

എസ്ഐആറിനെതിരേയുള്ള പ്രചാരണങ്ങൾക്കു പിന്നിൽ പാക്കിസ്ഥാൻ: കേന്ദ്രമന്ത്രി ജിതേന്ദ്രസിംഗ്

ബെംഗളൂരു: വോട്ടർപട്ടിക തീവ്ര പരിഷ്കരണത്തിനെതിരേ നടക്കുന്ന സമരങ്ങൾക്കു പിന്നിൽ പാകിസ്ഥാനിലെ രാഷ്ട്രീയക്കാരും ഇന്ത്യാവിരുദ്ധ ശക്തികളുമാണെന്നു കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്. ബെംഗളൂരുവിൽ മാധ്യമപ്രവർത്തകരോടു സംസാരിക്കവേയാണു കേന്ദ്രമന്ത്രിയുടെ ആരോപണം.

സിജെപി സ്ഥാപകൻ അഭിജിത് ദീപ്കെയ്ക്ക് അമേരിക്കയിൽനിന്നും സഹസ്ഥാപകൻ അശുതോഷ് ടാങ്കെക്ക് പാക്കിസ്ഥാനിൽനിന്നും ഫണ്ട് ലഭിച്ചിട്ടുണ്ടെന്നു കേന്ദ്രമന്ത്രി ആരോപിച്ചു. ഇന്ത്യാവിരുദ്ധ സംഘടനകളും വിദേശഫണ്ട് സ്വീകരിക്കുന്ന ഗ്രൂപ്പുകളും ചേർന്ന് ബോധപൂർവം വ്യാജപ്രചാരണങ്ങൾ മെനയുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. രാജ്യത്ത് തെറ്റായവിവരങ്ങൾ പ്രചരിപ്പിക്കാനാണ് ഇവർ ശ്രമിക്കുന്നതെന്നും കേന്ദ്രമന്ത്രി കൂട്ടിച്ചേർത്തു.

ഫയലുകൾ കെട്ടിക്കിടക്കുന്ന രീതി മാറണം: മുഖ്യമന്ത്രി വി.ഡി. സതീശൻ

***പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർപേഴ്സൺമാരുടെ അഖിലേന്ത്യാ കോൺഫറൻസ്: ലോക്സഭാ സ്പീക്കർ ഉദ്ഘാടനം ചെയ്തു**
***കേരള നിയമസഭ മാതൃക: ലോക്സഭാ സ്പീക്കർ**

ജനങ്ങളുടെ പണം ദുർവ്യയം ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള ഏറ്റവും ശക്തമായ, നിഷ്പ്രഷ സംവിധാനമായി പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി മാറിയെന്നത് അഭിമാനകരമാണെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. പ്രതിപക്ഷാംഗം ചെയർമാനായി പ്രവർത്തിക്കുന്ന കമ്മിറ്റിയുടെ സംവിധാനം ഇൻഡ്യയ്ക്ക് ആഗോള പ്രശംസ നേടിത്തന്നിട്ടുണ്ടെന്നും സ്പീക്കർ പറഞ്ഞു. നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ പാർലമെന്റിലെയും സംസ്ഥാന നിയമസഭകളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർപേഴ്സൺമാരുടെയും അംഗങ്ങളുടെയും അഖിലേന്ത്യാ കോൺഫറൻസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു ലോക്സഭാ സ്പീക്കർ.

മുഖ്യമന്ത്രി വി. ഡി. സതീശൻ, രാജ്യസഭാ ഡെപ്യൂട്ടി ചെയർപേഴ്സൺ ഹരിവംശ് നാരായൺ സിംഗ്, പാർലമെന്റിലെ പി.എ.സി. അധ്യക്ഷൻ കെ.സി. വേണുഗോപാൽ, നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ, സംസ്ഥാന പി.എ.സി. അധ്യക്ഷൻ കെ.എൻ. ബാലഗോപാൽ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. കോൺഫറൻസിൽ പ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടെ 26 സംസ്ഥാനങ്ങളിൽ നിന്നുള്ള അംഗങ്ങൾ പങ്കെടുക്കുന്നുണ്ട്.

ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണമെന്ന് ലോക്സഭാ സ്പീക്കർ നിർദേശിച്ചു. കമ്മിറ്റിയുടെ നടപടിക്രമങ്ങൾക്ക് ഏറെ കാലതാമസം എടുക്കുന്ന നിലവിലെ രീതിക്ക് മാറ്റം വരണം. പാർലമെൻറിലെയും സംസ്ഥാന നിയമസഭകളിലെയും പി.എ.സി കൾ കാലോചിതമായി പരിഷ്കരിക്കപ്പെടണം. ഏറ്റവും സജീവമായി പ്രവർത്തിക്കുന്ന കേരള നിയമസഭ നിയമനിർമാണത്തിൽ മാതൃകയാണ്. കേരളത്തിൽ നിലവിലുള്ള സംവാദത്തിന്റെ സംസ്കാരം നിലനിർത്തണമെന്നും ഓം ബിർള ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു.

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിൽ വലിയ തോതിൽ ഫയലുകൾ കെട്ടിക്കിടക്കുന്ന രീതിക്ക് മാറ്റം വരണമെന്ന് മുഖ്യമന്ത്രി വി. ഡി. സതീശൻ. ഒരു പ്രത്യേക ക്യാമ്പയിൻ നടത്തി ഫയലുകൾ തീർപ്പാക്കണമെന്ന നിർദേശം ലോക്സഭാ സ്പീക്കർക്ക് മുന്നിൽ മുഖ്യമന്ത്രി വച്ചു. കേരള നിയമസഭയിൽ പി.എ.സി ചെയർമാനായിരുന്ന കാലഘട്ടത്തിൽ ഇത്തരത്തിൽ ക്യാമ്പയിൻ നടത്തി ഫയലുകൾ തീർപ്പാക്കിയെന്ന് അദ്ദേഹം പറഞ്ഞു. കേരള നിയമസഭയിൽ ഏറ്റവും അധികം റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ള നിയമസഭാ കമ്മിറ്റി പി.എ.സി ആണെന്നും മുഖ്യമന്ത്രി പറഞ്ഞു. പി.എ.സിയുടെ പ്രാധാന്യം നിലനിർത്തി കൊണ്ടുപോകാനുള്ള ആത്മാർഥ ശ്രമങ്ങൾ ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. കിഫ്ബിയുടെ കടമെടുപ്പ് സംബന്ധിച്ച സി.എ.ജി റിപ്പോർട്ട് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് വിടേണ്ട എന്ന് തീരുമാനിച്ച കഴിഞ്ഞ സർക്കാരിന്റെ നടപടി പാർലമെൻററി ധനകാര്യ ഉത്തരവാദിത്തത്തിന്റെ ലംഘനമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

പാർലമെന്റിലെയും സംസ്ഥാന നിയമസഭകളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർപേഴ്സൺമാരുടെയും അംഗങ്ങളുടെയും അഖിലേന്ത്യാ കോൺഫറൻസ് പരസ്പരം അനുഭവങ്ങൾ പങ്ക് വയ്ക്കാനും അതിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് മുന്നോട്ട് പോകാനും ഉപകരിക്കുമെന്ന് രാജ്യസഭാ ഡെപ്യൂട്ടി ചെയർപേഴ്സൺ ഹരിവംശ് നാരായൺ സിംഗ് പറഞ്ഞു.

ധനകാര്യ ഉത്തരവാദിത്തത്തിന്റെ കാവൽമാലാഖയാണ് പി.എ.സിയെന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. പ്രതിപക്ഷാംഗത്തെ കമ്മിറ്റി ചെയർമാനാക്കുകയെന്ന കീഴ്വഴക്കം തുടങ്ങി വച്ചത് കേരളമാണെന്നും സ്പീക്കർ പറഞ്ഞു.

വിവിധ സംസ്ഥാനങ്ങളിലും പാർലമെന്റിലുമുള്ള മികച്ച രീതികളും സംവിധാനങ്ങളും പരസ്പരം പങ്കുവയ്ക്കാനുള്ള അവസരമായി കോൺഫറൻസ് മാറട്ടെയെന്ന് ചടങ്ങിന് സ്വാഗതം ആശംസിച്ച പാർലമെന്റിലെ പി.എ.സി. അധ്യക്ഷൻ കെ.സി. വേണുഗോപാൽ പറഞ്ഞു. പാർലമെന്ററി ധനകാര്യ നിയന്ത്രണത്തിനുള്ള ഏറ്റവും വലിയ ഉപാധിയായി പി.എ.സി പ്രവർത്തിക്കുന്നു. എല്ലാ പാർലമെൻറ് സമ്മേളനത്തിലും കുറഞ്ഞത് ഒരു പി.എ.സി റിപ്പോർട്ടെങ്കിലും പരിശോധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകണം. ഏറ്റുമുട്ടലിലല്ല, നിയമനിർമാണ സഭയുടെ പരിശോധനയിലാണ് കമ്മിറ്റിയുടെ കരുത്ത് നിലകൊള്ളുന്നതെന്നും അദ്ദേഹം പറഞ്ഞു.

പി.എ.സിയുടെ റിപ്പോർട്ടുകൾ പൂർത്തിയാക്കുന്നതിൽ വർഷങ്ങളുടെ കാലതാമസം ഉണ്ടാകുന്ന സ്ഥിതിക്ക് പരിഹാരം ഉണ്ടാകണമെന്ന് സംസ്ഥാന പി.എ.സി. അധ്യക്ഷൻ കെ.എൻ. ബാലഗോപാൽ പറഞ്ഞു. ഇതിനുള്ള ക്രിയാത്മക ചർച്ചകൾ കോൺഫറൻസിലുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.

രണ്ട് ദിവസങ്ങളിലായി നിയമസഭയുടെ അസംബ്ലി ഹാളിൽ സംഘടിപ്പിക്കുന്ന പ്ലീനറി സെഷനിൽ 'ഓഡിറ്റ്, അക്കൗണ്ടബിലിറ്റി ആൻഡ് ഗുഡ് ഗവേണൻസ്-ഇവോൾവിങ് റോൾ ഓഫ് ദി പി.എ.സി' എന്ന വിഷയത്തിലാണ് ചർച്ച.

ഉദ്ഘാടനച്ചടങ്ങിന് മുന്നോടിയായി ലോക്സഭാ സ്പീക്കർ ഓം ബിർളയെ ഗാർഡ് ഓഫ് ഓണർ നൽകി സ്വീകരിച്ചു. തുടർന്ന് പാർലമെന്റിലെയും സംസ്ഥാന നിയമസഭകളിലെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർപേഴ്സൺമാരും ലോക് സഭാ സ്പീക്കർ, കേരള നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, മുഖ്യമന്ത്രി വി ഡി സതീശൻ എന്നിവരും ചേർന്നുള്ള ഫോട്ടോ സെഷൻ നടത്തി. നിയമസഭാ മന്ദിരത്തിൽ ഒരുക്കിയ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചരിത്രം ഉൾകൊള്ളുന്ന പ്രദർശനം ലോക് സഭാ സ്പീക്കർ ഉദ്ഘാടനം ചെയ്തു. കോൺഫറൻസിന്റെ സുവനീർ ലോക്സഭാ സ്പീക്കർ പ്രകാശനം ചെയ്തു. ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ നന്ദി രേഖപ്പെടുത്തി.

നവംബർ നാല് രാവിലെ 11.45 ന് ആർ.ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിക്കുന്ന സമാപന സമ്മേളനത്തോടെ കോൺഫറൻസ് അവസാനിക്കും. സമാപന സമ്മേളനത്തിൽ ലോക്സഭാ സ്പീക്കർ, പാർലമെന്റിലെ പി.എ.സി. ചെയർപേഴ്സൺ, നിയമസഭ സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, നിയമസഭ പി.എ.സി. ചെയർപേഴ്സൺ എന്നിവർ പങ്കെടുക്കും.

ക്ലർക്ക് നിയമനം : അപേക്ഷ ക്ഷണിച്ചു

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മിഷണറേറ്റിൽ താല്കാലികാടിസ്ഥാനത്തിൽ കരാർ വ്യവസ്ഥയിൽ ക്ലർക്ക് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി, കമ്പ്യൂട്ടർ പരിജ്ഞാനം യോഗ്യതയുണ്ടായിരിക്കണം. സർക്കാർ / അർധസർക്കാർ / സ്വകാര്യ സ്ഥാപനങ്ങളിലെ സമാനമേഖലയിലെ പ്രവൃത്തിപരിചയം അഭികാമ്യം. താല്പര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം നവംബർ 16 വൈകിട്ട് അഞ്ചിനകം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മിഷണറേറ്റ്, ആഞ്ജനേയ, റ്റി.സി. 9/1023 (1), ഗ്രൗണ്ട് ഫ്ലോർ, ശാസ്തമംഗലം, തിരുവനന്തപുരം-695010 വിലാസത്തിൽ നേരിട്ടോ തപാൽ മുഖാന്തിരമോ അപേക്ഷ ലഭ്യമാക്കണം. ഫോൺ: 0471 2720977.

നോൺ അക്കാഡമിക് ജൂനിയർ റസിഡന്റ്

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ വിഭാഗത്തിൽ നോൺ അക്കാദമിക് ജൂനിയർ റസിഡന്റ് (എൻഎജെആർ) തസ്തികയിലേക്ക് കരാർ അടിസ്ഥനത്തിൽ നിയമനം നടത്തുന്നതിന് വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു. എം ബി ബി എസ് ബിരുദം, റ്റി.സി.എം.സി രജിസ്ട്രേഷൻ എന്നിവയാണ് യോഗ്യത. താല്പര്യമുള്ളവർ ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, മുൻ പരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, ബയോഡാറ്റ എന്നിവ സഹിതം നവംബർ 12 രാവിലെ 11ന് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ നേരിട്ട് ഹാജരാകണം.

ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ ക്യാഷ് അവാർഡ്

ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ കേരള ഘടകം സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ നിന്ന് 2026 മാർച്ചിൽ എസ്.എസ്.എൽ.സി, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി (സ്റ്റേറ്റ് സിലബസ്), റ്റി.എച്ച്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എപ്ലസ് നേടിയ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ അധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും വിതരണം ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ചു. www.nftwkerala.org വെബ്സൈറ്റ് വഴി നവംബർ 30 വൈകിട്ട് അഞ്ചിനകം അപേക്ഷിക്കണം.

തൊഴിലാളി താത്പര്യങ്ങൾ സംരക്ഷിച്ച് ലേബർ കോഡ് നടപ്പിലാക്കും: മന്ത്രി ബിന്ദു കൃഷ്ണ

ലേബർ കോഡ് കരട് റിപ്പോർട്ട് മുഖ്യമന്ത്രിക്ക് കൈമാറി; മിനിമം വേതന വർധനയ്ക്കും കൂടുതൽ തൊഴിലാളികളെ ബോണസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനും നിർദേശം

തൊഴിലാളികളുടെ അവകാശങ്ങളും താത്പര്യങ്ങളും സംരക്ഷിച്ചുകൊണ്ടായിരിക്കും സംസ്ഥാനത്ത് ലേബർ കോഡുകൾ നടപ്പിലാക്കുകയെന്ന് തൊഴിൽ വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ പറഞ്ഞു.

ലേബർ കോഡുകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ട്രേഡ് യൂണിയൻ പ്രതിനിധികളുമായും മറ്റ് ബന്ധപ്പെട്ട കക്ഷികളുമായും നടത്തിയ വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് റിപ്പോർട്ട് മുഖ്യമന്ത്രി വി.ഡി. സതീശന് കൈമാറിയ ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി ബിന്ദു കൃഷ്ണ.

ലേബർ കോഡിന്റെ അനുബന്ധമായി സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുന്നതിനാവശ്യമായ പ്രായോഗിക നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒക്ടോബർ 22-ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് ട്രേഡ് യൂണിയൻ പ്രതിനിധികൾ ഉൾപ്പെട്ട പ്രത്യേക സമിതി രൂപീകരിക്കാൻ തീരുമാനിച്ചത്. ലേബർ കമ്മിഷണർ കൺവീനറായും നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി അംഗമായും വിവിധ ട്രേഡ് യൂണിയനുകളുടെ ഏഴ് പ്രതിനിധികളും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരും അംഗങ്ങളായ സമിതി പത്ത് ദിവസം നീണ്ട വിശദമായ ചർച്ചകൾക്കും പരിശോധനകൾക്കും ശേഷമാണ് കരട് റിപ്പോർട്ട് തയ്യാറാക്കി തൊഴിൽ മന്ത്രിക്ക് സമർപ്പിച്ചത്. മന്ത്രി റിപ്പോർട്ട് മുഖ്യമന്ത്രിക്ക് കൈമാറി.

തൊഴിലാളികളുടെ ക്ഷേമം, തൊഴിൽ സുരക്ഷ, വേതനം, ആനുകൂല്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനായി വിവിധ നിയമഭേദഗതികളും നിർദേശങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തേക്കുള്ള ആദ്യ ഇറക്കുമതി കണ്ടെയ്നറിന് എം. വിൻസന്റ് എം.എൽ.എ യുടെ നേതൃത്വത്തിൽ സ്വീകരണം നൽകുന്നു

തടിക്കഷ്ണം ഉപയോഗിച്ച് ആക്രമണം; അടിയേറ്റ ഭാര്യമാതാവ് മരിച്ചു

കൊല്ലം: മരുമകൻറെ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലായിരുന്ന വയോധിക മരിച്ചു. ഭരണിക്കാവ് ബസ് സ്റ്റാൻഡിനു സമീപം പനപ്പെട്ടി ചിറയിൽ പടിഞ്ഞാറ്റതിൽ ശ്യാമള (65) ആണ് മരിച്ചത്. സംഭവത്തിൽ കൊലപാതകശ്രമത്തിന് കേസെടുത്ത പൊലിസ് മരുമകൻ വടക്കൻ മൈനാഗപ്പള്ളി സ്വദേശി കെ. ശിവനെ (41) അറസ്റ്റ് ചെയ്തു.ഞായറാഴ്ചയായിരുന്നു സംഭവം. ഭർത്താവുമായി വഴക്ക് പതിവായതോടെ ശിവൻറെ ഭാര്യയായ രജനി ഞായറാഴ്ച വൈകിട്ട് അമ്മ ശ്യാമളയുടെ വീട്ടിലെത്തി. ഇതറിഞ്ഞ് ശിവൻ പിന്നാലെ എത്തി രജനീയുമായും ശ്യാമളയുമായും വഴക്കുണ്ടാക്കി. ആക്രമിക്കാനായി വന്ന ശിവനിൽനിന്നും രക്ഷനേടാൻ ഇരുവരും അയൽ വീട്ടിലേക്ക് ഓടി. പിന്തുടർന്നെത്തിയ ശിവൻ തടിക്കഷ്ണം ഉപയോഗിച്ച് രജനിയെ ആക്രമിക്കാൻ ശ്രമിക്കുന്നതിനിടയിൽ ശ്യാമളയ്ക്ക് അടിയേറ്റുവെന്നാണ് പൊലിസ് പറയുന്നത്.

തലപിളർന്ന് ഗുരുതരാവസ്ഥയിലായ ശ്യാമളയെ ബന്ധുക്കളും നാട്ടുകാരും ചേർന്ന് ഭരണിക്കാവിലെയും തുടർന്ന് അടൂരിലെയും സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇവിടെനിന്നു കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ തീവ്ര പരിചരണ വിഭാഗത്തിലേക്ക് മാറ്റി. വെൻറിലേറ്ററിൻറെ സഹായത്തോടെ ചികിത്സയിലിരിക്കെ പുലർച്ചെ മൂന്നിനാണ് മരണം സംഭവിച്ചത്. സംഭവസ്ഥലത്തുനിന്നു രക്ഷപ്പെട്ട ശിവനെ മുതുപിലാക്കാട്ടുനിന്നു പോലീസ് അറസ്റ്റ് ചെയ്തു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

പൊലിസിനെ വെട്ടിച്ച് രക്ഷപ്പെടാൻ ശ്രമിച്ച പ്രതി ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു

ദിസ്പൂർ: ആസാമിൽ കൂട്ടക്കൊലപാതക കേസിലെ പ്രതി പൊലിസ് വെടിവയ്പ്പിൽ കൊല്ലപ്പെട്ടു. ഗുവാഹത്തിയിലെ ഹോട്ടൽ ബിലാസിൽ അഞ്ച് പേരുടെ മരണത്തിനിടയാക്കിയ വെടിവയ്പ്പ് കേസിൽ അറസ്റ്റിലായ ഘനകാന്ത ഗൊഗോയാണ് രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെ പൊലിസ് വെടിവയ്പ്പിൽ കൊല്ലപ്പെട്ടത്. ശിവസാഗർ ജില്ലയിലെ ജയിലിലേക്ക് മാറ്റുന്നതിനിടെയാണ് സംഭവം.

കഴിഞ്ഞ തിങ്കളാഴ്ച ഏഴ് ദിവസത്തെ കസ്റ്റഡി കാലാവധി അവസാനിച്ചതിനെ തുടർന്ന് പ്രതിയെ സെൻട്രൽ ജയിലിലേക്ക് അയച്ചിരുന്നു. ഇതിനുശേഷമുള്ള മാറ്റത്തിനിടയിലാണ് സംഭവം. വാഹനത്തിൽ കൊണ്ടുപോകുന്നതിനിടെ വിശ്രമത്തിനായി പുറത്തിറക്കിയ സമയത്ത് പ്രതി പൊലിസിൻറെ തോക്ക് പിടിച്ചുവാങ്ങി രക്ഷപ്പെടാൻ ശ്രമിക്കുകയായിരുന്നു.

തോക്ക് ഉപയോഗിക്കാൻ പ്രത്യേക പരിശീലനം ലഭിച്ച ഷാർപ്പ് ഷൂട്ടറാണ് ഘനകാന്ത ഗൊഗോയ് എന്ന് പൊലിസ് വ്യക്തമാക്കി. പ്രതിയുടെ ആക്രമണത്തിൽ ഒരു പൊലിസ് ഉദ്യോഗസ്ഥൻറെ കാലിന് പരിക്കേൽക്കുകയും പൊലിസ് വാഹനത്തിൽ രണ്ട് വെടിയുണ്ടകൾ പതിക്കുകയും ചെയ്തു. പൊലിൻറെ തിരിച്ചടിയിൽ വെടിയേറ്റ പ്രതിയെ കീഴ്പ്പെടുത്തി ആശുപത്രിയിലേക്കു കൊണ്ടുവന്നെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

കഴിഞ്ഞ ഒക്ടോബർ 26-നാണ് ഗുവാഹത്തിയിലെ ഹോട്ടലിനാണ് കൂട്ടക്കൊലപാതകം അരങ്ങേറിയത്. സ്വത്ത് തർക്കത്തെ തുടർന്നുള്ള വിരോധമാണ് കൊലപാതകത്തിലേക്ക് നയിച്ചത്. ഹോട്ടലിൽ അതിക്രമിച്ചു കയറിയ പ്രതി നടത്തിയ നടുക്കുന്ന വെടിവയ്പ്പിൽ അഞ്ച് പേർ കൊല്ലപ്പെടുകയായിരുന്നു.

ഐഎഎസ് തലപ്പത്തെ കൂട്ട സ്ഥലം മാറ്റം: നീരസം പുകയുന്നു

തിരുവനന്തപുരം: യുഡിഎഫ് സർക്കാർ അധികാരത്തിലെത്തിയ ശേഷം സംസ്ഥാനത്തെ ഐഎഎസ് ഉദ്യോഗസ്ഥരുടെ സ്ഥലമാറ്റ ഉത്തരവ് പുറത്തു വന്നതിനു പിന്നാലെ ഉദ്യോഗസ്ഥർക്കിടയിൽ കടുത്ത അമർഷം.സ്ഥലംമാറ്റം സിവിൽ സർവീസ് ബോർഡ് ചേരാതെയാണ് നടപ്പാക്കിയതെന്നാണ് വിമർശനം.ചട്ടം പാലിക്കാതെയായിരുന്നു സ്ഥലമാറ്റമെന്നാണ് പരാതി.പവർകട്ടിൽ ഉൾപ്പടെ പഴികേൾക്കേണ്ടി വന്ന എം.ജി. രാജമാണിക്യത്തെ കെഎസ്ഇബി ചെയർമാൻ സ്ഥാനത്തുനിന്ന് മാറ്റി എൻ. പ്രശാന്തിനെ കെഎസ്ഇബി ചെയർമാനാക്കി നിയമിച്ചിരുന്നു.

വിനോദയാത്ര പോയ വിദ്യാർഥിനികളെ പീഡിപ്പിച്ച അധ്യാപകൻ അറസ്റ്റിൽ

കോഴിക്കോട്: വിനോദയാത്ര പോയ വിദ്യാർഥിനികളെ പീഡിപ്പിച്ച കേസിൽ അധ്യാപകനെ പൊലിസ് അറസ്റ്റ് ചെയ്തു.കുറ്റ്യാടി വേളം സ്വദേശി സലിതിനെയാണ് (46) എലത്തൂർ പൊലിസ് വെങ്ങളത്തുവച്ച് അറസ്റ്റ് ചെയ്തത്. ഇയാൾക്കെതിരേ എട്ട് പോക്സോ കേസുകളാണു രജിസ്റ്റർ ചെയ്തിരിക്കുന്നത്.കൊടൈക്കനാലിലേക്കു വിനോദയാത്ര പോയ എട്ടു വിദ്യാർഥികളെയാണു സലിത് ഉപദ്രവിച്ചത്.

20 ദിവസത്തോളം ഉറക്കം നഷ്ടമായി; സുഹൃത്തിനെ കൊലപ്പെടുത്തിയ യുവാവ് പൊലിസിൽ കീഴടങ്ങി

ഡോംബിവലി: സുഹൃത്തിനെ കൊലപ്പെടുത്തിയ യുവാവ് പൊലിസ് സ്റ്റേഷനിലെത്തി കീഴടങ്ങി. 20 ദിവസത്തോളമായി ഉറക്കം നഷ്ടമായതിന് പിന്നാലെയാണ് പ്രതി കീഴടങ്ങിയത്. മുംബൈ ഡോംബിവലിയിലാണ് സംഭവം. മദ്യപാനത്തിനിടെയുണ്ടായ തർക്കത്തിൽ പ്രഭു കാരകാഡേ എന്നയാളാണ് ഉറ്റസുഹൃത്തായ വിശാലിനെ അടിച്ചുകൊന്നത്. മൃതദേഹം കുഴിച്ചുമൂടാൻ സഹായിച്ചയാളും പിടിയിലായി.ഒക്ടോബർ ഒൻപതിനായിരുന്നു കൊലപാതകം നടന്നത്. മദ്യപാനത്തിനിടെയുണ്ടായ തർക്കത്തിൽ ക്ഷുഭിതനായാണ് വിശാലിനെ പ്രഭു ആക്രമിച്ചത്. വിശാൽ മരിച്ചെന്ന് വ്യക്തമായതിന് പിന്നാലെ ഭയന്നുപോയ യുവാവ് വീട്ടുടമയുടെ സഹായം തേടി. ഇരുവരും ചേർന്ന് വിശാലിൻറെ മൃതദേഹം ചാക്കിൽ കെട്ടി മലയിടുക്കിൽ കൊണ്ടുതള്ളുകയായിരുന്നു.എന്നാൽ വീട്ടിലെത്തിയ പ്രഭു ഉറങ്ങാൻ ശ്രമിക്കുമ്പോഴൊക്കെ സുഹൃത്തിനെ സ്വപ്നം കാണുകയായിരുന്നു. 20 ദിവസത്തോളമായി ഉറങ്ങാൻ സാധിക്കാതെ വന്നതോടെയാണ് യുവാവ് പൊലിസ് സ്റ്റേഷനിലെത്തിയത്. യുവാവിനെ തെളിവ് നശിപ്പിക്കാൻ സഹായിച്ച വീട്ടുടമയും അറസ്റ്റിലായിട്ടുണ്ട്.

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ്: രജിസ്ട്രേഷൻ 15 വരെ നീട്ടി

നെന്മാറ: കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയുടെ റാബി ഒന്നാം സീസണിലേക്കുള്ള രജിസ്ട്രേഷൻറെ സമയപരിധി 15 വരെ നീട്ടി. നേരത്തേ മൂന്നു ദിവസം മാത്രമാണു രജിസ്ട്രേഷന് അവസരം നൽകിയിരുന്നത്. ഇതോടെ സംസ്ഥാനത്ത് 24,460 കർഷകർക്കു മാത്രമാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാനായത്. സാധാരണ 60,000ത്തോളം കർഷകർ പദ്ധതിയിൽ ചേരുന്ന സാഹചര്യത്തിലാണ് ഇത്തവണ രജിസ്ട്രേഷൻ ഇത്രയും കുറഞ്ഞത്.കഴിഞ്ഞ 28നാണു റാബി ഒന്നാം സീസണിലേക്കുള്ള രജിസ്ട്രേഷനായി പോർട്ടൽ തുറന്നത്. 31നുതന്നെ അവസാനിപ്പിക്കുകയും ചെയ്തു. ചുരുങ്ങിയ സമയപരിധി കാരണം ഒട്ടേറെ കർഷകർക്ക് അപേക്ഷ സമർപ്പിക്കാനായില്ല. സമയപരിധി നീട്ടണമെന്ന കർഷകരുടെയും അഗ്രികൾച്ചർ ഇൻഷുറൻസ് കമ്പനി അധികൃതരുടെയും ആവശ്യം ശക്തമായതിനെത്തുടർന്നാണ് പോർട്ടൽ വീണ്ടും തുറക്കാൻ സർക്കാർ നടപടി സ്വീകരിച്ചത്. ഇന്നലെ വൈകുന്നേരം അഞ്ചുമണിയോടെ പോർട്ടൽ വീണ്ടും പ്രവർത്തനക്ഷമമാക്കി.റാബി ഒന്നാം സീസണിൽ നെല്ലിനും പച്ചക്കറികൾക്കുമാണ് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പരിരക്ഷ ലഭിക്കുക. നെല്ലിന് ഹെക്കറിന് 80,000 രൂപയും പച്ചക്കറികൾക്ക് 40,000 രൂപയുമാണ് ഇൻഷുറൻസ് പരിരക്ഷ.

പരിശോധന നിർബന്ധം

പദ്ധതിയിൽ അനർഹർ ആനുകൂല്യം നേടുന്നതു തടയുന്നതിനായി ഇത്തവണ കൃഷിവകുപ്പിൻറെ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന കൃഷിയിടങ്ങൾ കൃഷി ഓഫിസർമാർ നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് നൽകണം. തുടർന്ന് ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റൻറ് ഡയറക്ടർ പരിശോധന നടത്തി അനുമതി നൽകിയാൽ മാത്രമേ ഇൻഷുറൻസ് ആനുകൂല്യത്തിന് അർഹത ലഭിക്കൂ.

കൃഷിയില്ലാത്ത ഭൂമിക്കും ആനുകൂല്യം ലഭിച്ചതായി പരിശോധനയിൽ കണ്ടെത്തിയതിനെത്തുടർന്നാണ് പരിശോധനാ ചുമതല കൃഷിവകുപ്പിനും നൽകിയിരിക്കുന്നത്. നേരത്തേ അഗ്രികൾച്ചർ ഇൻഷുറൻസ് കമ്പനി ഉദ്യോഗസ്ഥരാണു വിവരങ്ങൾ പരിശോധിച്ചിരുന്നത്.

കൊയ്ത്ത് കഴിഞ്ഞത് പരിശോധനയ്ക്കു വെല്ലുവിളി

ഒന്നാംവിളയുടെ കൊയ്ത്ത് പൂർത്തിയായ സാഹചര്യത്തിൽ കൃഷി നടന്നിരുന്ന സ്ഥലവും വിളയുടെ വിവരങ്ങളും നേരിട്ടുപരിശോധിക്കുന്നത് ഉദ്യോഗസ്ഥർക്കു പ്രായോഗിക വെല്ലുവിളിയായിട്ടുണ്ട്. പച്ചക്കറി ഉൾപ്പെടെയുള്ള ഹ്രസ്വകാല വിളകളുടെ വിളവെടുപ്പും പൂർത്തിയായതിനാൽ കൃഷി നടന്നിരുന്നുവെന്ന് സ്ഥലപരിശോധനയിലൂടെ സ്ഥിരീകരിക്കുന്നതിലും ബുദ്ധിമുട്ടുണ്ട്.

അർഹരായവരുടെ കൃഷി കൃത്യമായി സ്ഥിരീകരിച്ച് സമയബന്ധിതമായി ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കണമെന്ന ആവശ്യവും ഉയരുന്നുണ്ട്.

മാപ്പപേക്ഷ നൽകിയാൽ പരീക്ഷ എഴുതാൻ ഇനിയും സാധ്യത: മന്ത്രി

കോഴിക്കോട്: കാലടി സർവകലാശാലാ വിദ്യാർഥികൾ മാപ്പപേക്ഷ എഴുതിക്കൊടുത്ത് തെറ്റ് ഉൾക്കൊണ്ടാൽ അവർക്ക് പരീക്ഷയ്ക്കിരിക്കാൻ ഇനിയും സാധ്യതയുണ്ടെന്ന് ഉന്നത വിദ്യാഭ്യാസമന്ത്രി റോജി എം. ജോൺ. കോഴിക്കോട്ട് മാധ്യമപ്രവർത്തകരോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്യാർഥികൾക്ക് പരീക്ഷ എഴുതാൻ കഴിയാത്തതിൽ സന്തോഷിക്കുന്ന ആളല്ല ഞാൻ. വിദ്യാർഥികൾ പരീക്ഷ എഴുതണമെന്നുതന്നെയാണു സർക്കാരിൻറെയും സർവകലാശാലയുടെയും നിലപാട്. സർവകലാശാലയുടെ സുഗമമായ നടത്തിപ്പിനു തടസം സൃഷ്ടിക്കുന്ന തരത്തിൽ സമരങ്ങൾ പാടില്ല.

കാലടി എൻറെ മണ്ഡലത്തിലാണ്. അവിടെ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് എനിക്ക് കൃത്യമായ ബോധ്യമുണ്ട്. അവിടെ നടക്കുന്ന കാര്യങ്ങൾ ഇനിയും പുറത്തുവരാൻ പോകുന്നതേ ഉള്ളൂ. ഡിഗ്രി പാസാകാത്ത എസ്എഫ്ഐ നേതാവിനു കഴിഞ്ഞ സിൻഡിക്കറ്റ് ചേർന്ന് പിജിക്ക് അഡ്മിഷൻ കൊടുത്തിരുന്നു. എത്രയൊക്കെ സമരം നടന്നാലും അവിടെ പലതരത്തിലുള്ള ക്രമക്കേടുകൾ നടന്നിട്ടുണ്ട്. അത് പുറത്തുകൊണ്ടു വരും.

സസ്പെൻഷൻ കാലയളവിലും ചില വിദ്യാർഥികൾ കാംപസിൽ കയറി വിദ്യാർഥികളെ ഭീഷണിപ്പെടുത്തിയിട്ടുണ്ട്. അക്രമത്തിലൂടെയും ഭീഷണിയിലൂടെയും അരാജകത്വത്തിലൂടെയുമാണോ സമരം ചെയ്യേണ്ടത് - മന്ത്രി ചോദിച്ചു.

റാഗിങ് കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഭീഷണി: മുൻ എസ്എഫ്ഐ നേതാവിനെതിരേ കേസ്

കോഴിക്കോട്: റാഗിങ് കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഭീഷണിപ്പെടുത്തിയതിന് മുൻ എസ്എഫ്ഐ നേതാവിനെതിരേ കേസ്. കോഴിക്കോട് ഗവൺമെൻറ് ലോ കോളജിലെ മുൻ യൂണിയൻ ചെയർമാൻ കെ. വിദ്യാധരനെതിരേയാണ് കേസെടുത്തത്. കോളജിലെ മൂന്നാം വർഷ വിദ്യാർഥിനിയുടെ പരാതിയിലാണ് നടപടി. കഴിഞ്ഞ ഒക്ടോബർ 30-നാണ് കേസിനാസ്പദമായ സംഭവം. കോളജിലെ ഒന്നാം വർഷ വിദ്യാർഥിനിയെ റാഗ് ചെയ്തതിന് കഴിഞ്ഞ ദിവസം കോളജ് യൂണിയൻ ഭാരവാഹികളായ നാലുപേരെ കോളജ് അധികൃതർ സസ്പെൻഡ് ചെയ്തിരുന്നു. ഇതിനുപിന്നാലെ വിദ്യാധരൻ കോളജിലെത്തി പരാതിക്കാരിയെ ഭീഷണിപ്പെടുത്തുകയായിരുന്നു. കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ടായിരുന്നു ഭീഷണി. പരാതിക്കാരിയുടെ മൊഴിയെടുത്ത പൊലിസ് വിദ്യാധരനെതിരേ കേസെടുക്കുകയായിരുന്നു.

റോജി എം. ജോണിനെതിരായ പ്രതിഷേധം: രണ്ട് എസ്എഫ്ഐ നേതാക്കൾ അറസ്റ്റിൽ

കൊച്ചി: എറണാകുളം മഹാരാജാസ് കോളജിലെ ബിരുദദാന ചടങ്ങിനിടെ ഉന്നതവിദ്യാഭ്യാസ മന്ത്രി റോജി എം. ജോണിനെതിരേ പ്രതിഷേധിക്കുകയും വഴിതടയുകയും ചെയ്ത കേസിൽ എസ്എഫ്ഐ നേതാക്കളായ രണ്ടുപേർ അറസ്റ്റിൽ .മഹാരാജാസ് കോളജ് എസ്എഫ്ഐ മുൻ ഭാരവാഹിയും കടവന്ത്ര കെ.പി. വള്ളോൻ റോഡിൽ നേത്രമംഗലത്ത് വീട്ടിൽ സിദ്ധാർഥ് സുനിൽ (22), കൊല്ലം സ്വദേശിയായ എസ്എഫ്ഐ പ്രവർത്തകൻ ആദിൽ എന്നിവരെയാണ് എറണാകുളം സെൻട്രൽ പൊലിസ് അറസ്റ്റ് ചെയ്തത്.ഇന്നലെ ഉച്ചയോടെ മഹാരാജാസ് കോളജ് പരിസരത്തുനിന്നാണ് സിദ്ധാർഥിനെ കസ്റ്റഡിയിലെടുത്തത്. ആദിലിനെ കൊല്ലത്തുനിന്നുമാണ് അന്വേഷണസംഘം പിടികൂടിയത്. പ്രതികളെ ഇന്നു കോടതിയിൽ ഹാജരാക്കും. മഹാരാജാസ് കോളജിലെ ഹിസ്റ്ററി വിഭാഗം പ്രഫസറായ വിനോദ് കുമാർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണു പൊലിസ് നടപടി.കണ്ടാലറിയാവുന്ന 40ഓളം വരുന്ന പ്രതികൾ കോളജ് ഓഡിറ്റോറിയത്തിൽ നടന്ന ബിരുദദാന ചടങ്ങ് തടസപ്പെടുത്തുകയും മന്ത്രി റോജി എം. ജോണിൻറെ കാറിനു കുറുകെ ചാടി യാത്രാതടസം സൃഷ്ടിക്കുകയും ചെയ്തുവെന്നാണ് കേസ്. മറ്റു പ്രതികൾക്കായി പൊലിസ് അന്വേഷണം ഊർജിതമാക്കി.

ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും മഴയുണ്ട്; മൂന്നു ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും മഴയ്ക്ക് സാധ്യത. ഒറ്റപ്പെട്ടയിടങ്ങളിൽ ഞായറാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 30 മുതൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ന് കോട്ടയം, ഇടുക്കി, വയനാട് ജില്ലകളിലാണ് മുന്നറിയിപ്പുള്ളത്. വ്യാഴാഴ്ച പത്തനംതിട്ട ജില്ലയിലും വെള്ളിയാഴ്ച ഇടുക്കി, എറണാകുളം ജില്ലകളിലും ശനിയാഴ്ച പത്തനംതിട്ട, കോട്ടയം ജില്ലകളിലും യെല്ലോ അലർട്ടാണ്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.വരുംമണിക്കൂറിൽ ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

ഗ്യാനേഷ് കുമാറിനെതിരായ കൈക്കൂലി ആരോപണം; വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ട് ആഭ്യന്തര വകുപ്പ്

തിരുവനന്തപുരം: മുഖ്യ തെരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ് കുമാറിനെതിരായ കൈക്കൂലി ആരോപണത്തിൽ വിജിലൻസ് അന്വേഷണത്തിന് ആഭ്യന്തര വകുപ്പ് ഉത്തരവ്. സംസ്ഥാന പൊതുമരാമത്ത് സെക്രട്ടറിയായിരിക്കെ രണ്ടുകോടി രൂപ കൈക്കൂലി ആവശ്യപ്പെട്ടെന്ന ആരോപണത്തിൽ അന്വേഷണത്തിന് ഉത്തരവിട്ടിരിക്കുന്നത്.കെഎസ്ടിപി റോഡ് നിർമാണക്കരാർ ഏറ്റെടുത്ത മലേഷ്യൻ കമ്പനിയായ പതിബെലിലെ എൻജിനിയർ ലീ സീ ബെൻ ജീവനൊടുക്കിയ സംഭവവുമായി ബന്ധപ്പെട്ടാണ് ആരോപണം. 2007ൽ രജിസ്റ്റർ ചെയ്ത് പിന്നീട് അവസാനിപ്പിച്ച വിജിലൻസ് അന്വേഷണം പുനരാരംഭിക്കാനാണ് തീരുമാനം.ലീ സീ ബെന്നിൻറെ സുഹൃത്തും ചടയമംഗലം സ്വദേശിയുമായ സാജൻ വിജിലൻസ് ഡയറക്ടർക്ക് നൽകിയ പരാതിയിലാണ് നടപടി. ഏകദേശം 17 കോടി രൂപയുടെ ബില്ലുകൾ പാസാക്കാൻ ഗ്യാനേഷ് കുമാർ രണ്ടുകോടി കൈക്കൂലി ആവശ്യപ്പെട്ടെന്ന് ലീ സീ ബെൻ നേരിട്ട് പറഞ്ഞിരുന്നുവെന്നാണ് സാജൻറെ പരാതിയിലെ ആരോപണം.എൻജിനീയർമാർ അംഗീകരിച്ച ബില്ലുകൾ 2006 മേയ് മുതൽ അകാരണമായി തടഞ്ഞുവച്ചിരുന്നതായും പരാതിയിൽ പറയുന്നു. എന്നാൽ ആദ്യ അന്വേഷണത്തിൽ അദ്ദേഹത്തെ ചോദ്യം ചെയ്തിരുന്നില്ല.

മണ്ണുത്തിയിൽ വിദ്യാർഥിയെ കാണാനില്ലെന്ന് പരാതി; സ്കൂൾ യൂണിഫോം മാറ്റി പോകുന്ന ദൃശ്യം സിസിടിവിയിൽ

മണ്ണുത്തി: തൃശൂർ മണ്ണുത്തിയിൽ വിദ്യാർഥിയെ കാണാനില്ലെന്ന് പരാതി. തൃശൂർ മുക്കാട്ടുകര സ്വദേശി ജോയൽ ജോർജ് ജോഷി എന്ന 15കാരനെയാണ് കാണാതായത്. സ്കൂൾ യൂണിഫോമിൽ രാവിലെ ഇറങ്ങിയ 15കാരൻ പിന്നീട് വസ്ത്രം മാറി പോകുന്നത് സമീപത്തെ സിസിടിവിയിൽ പതിഞ്ഞിട്ടുണ്ട്. മണ്ണുത്തി ഡോൺ ബോസ്കോ സ്കൂളിലെ വിദ്യാർഥിയാണ്.

ചൊവ്വാഴ്ച രാവിലെ പതിവുപോലെ സ്കൂൾ യൂണിഫോം ധരിച്ചാണ് കുട്ടി വീട്ടിൽ നിന്നിറങ്ങിയത്. എന്നാൽ പിന്നീട് യൂണിഫോം മാറ്റി മറ്റ് വസ്ത്രങ്ങൾ ധരിച്ച് നടന്നു പോകുന്നതിൻറെ ദൃശ്യങ്ങൾ പുറത്ത് വന്നിട്ടുണ്ട്. ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ചും സിസിടിവി ദൃശ്യങ്ങൾ പിന്തുടർന്നും അന്വേഷണം പുരോഗമിക്കുകയാണ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



പട്ടികവർഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഒൻപതാമത് സംസ്ഥാനതല കായികമേള 'കളിക്കളം 2026'ന്റെ ലോഗോയും 'ജമ്പു' എന്ന ഔദ്യോഗിക ഭാഗ്യചിഹ്നവും പട്ടികജാതി-പട്ടികവർഗ-പിന്നാക്കക്ഷേമ വകുപ്പ് മന്ത്രി കെ.എ. തുളസി പ്രകാശനം ചെയ്യുന്നു

'തൂഫാൻ–ലഹരിക്കെതിരെ പോരാട്ടം'; 'കാറ്റും വെളിച്ചവും' മികച്ച ഹ്രസ്വചിത്രം

*മന്ത്രി എൻ ഷംസുദ്ദീൻ പുരസ്കാരം വിതരണം ചെയ്തു

ആഭ്യന്തരവകുപ്പുമായി ചേർന്ന് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി ഹൈസ്കൂൾ, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി വിദ്യാർഥികൾക്കായി സംഘടിപ്പിച്ച 'തൂഫാൻ – ലഹരിക്കെതിരേ പോരാട്ടം' ഹ്രസ്വചിത്ര മൽസരത്തിൽ തൃശൂർ മറ്റത്തൂർ എസ്.കെ എച്ച്.എസിന്റെ 'കാറ്റും വെളിച്ചവും' ഒന്നാം സ്ഥാനം നേടി. ജേതാക്കൾക്ക് ഒരു ലക്ഷം രൂപയും സർട്ടിഫിക്കറ്റും പുരസ്കാരവും തിരുവനന്തപുരം സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ നടന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ ഷംസുദ്ദീൻ സമ്മാനിച്ചു. കണ്ണൂർ മണിക്കടവ് സെന്റ് തോമസ് എച്ച്. എസിന്റെ ' എലിപ്പെട്ടി' രണ്ടാം സ്ഥാനവും കൊല്ലം പുത്തൂർ ജി.എച്ച് എസ് എസിന്റെ 'നൂൽ' മൂന്നാം സ്ഥാനവും സ്വന്തമാക്കി. 300 ലധികം ചിത്രങ്ങളിൽ നിന്നും ജില്ലാതലത്തിൽ ആദ്യമൂന്ന് സ്ഥാനങ്ങൾ നേടിയ 42 ഹ്രസ്വചിത്രങ്ങളിൽ നിന്നാണ് പുരസ്കാര ജേതാക്കളെ കണ്ടെത്തിയത്.

കാലിക പ്രസക്തമായ വിഷയത്തിലാണ് ഹ്രസ്വചിത്രം സംഘടിപ്പിച്ചതെന്ന് മന്ത്രി പറഞ്ഞു. രാസലഹരി സംസ്ഥാനത്തുടനീളം കണ്ടെത്തിയതിനെ തുടർന്നാണ് അതിനെതിരെ തൂഫാൻ കൊണ്ടുവന്നത്. മയക്കുമരുന്നിനെതിരെ ശക്തമായ നടപടി സ്വീകരിച്ചതിനൊപ്പം മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരിക്കടത്ത് തടയാനുമായി. ലഹരിക്കെതിരെ പ്രതിരോധ, പ്രചാരണ പ്രവർത്തനങ്ങളും ശക്തമാക്കണം. നടപടികൾ കൊണ്ട് മാത്രം തിന്മയെ പ്രതിരോധിക്കാനാകില്ല. രാസലഹരിക്കെതിരായ വികാരം ചെറുപ്പക്കാരിലും വിദ്യാർഥികളിലും ഉണ്ടാകണം.

കുട്ടികളിലെ കലാപരമായ വാസന പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം ലഹരിക്കെതിരായ ബോധവത്ക്കരണം ലക്ഷ്യമിട്ടാണ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി ഹ്രസ്വചിത്രം മൽസരം സംഘടിപ്പിച്ചത്. കുട്ടികളുടെ കഴിവ് പ്രകടിപ്പിക്കാനുള്ള അവസരമാണ് ഒരുക്കിയത്. തൂഫാന്റെ ഭാഗമായുള്ള ഹ്രസ്വചിത്രത്തിൽ കലയ്ക്കും സാങ്കേതിക വിദ്യയ്ക്കുമൊപ്പം ലഹരിക്കെതിരായ പ്രചാരണവുമുണ്ട്. സ്കൂൾ കാമ്പസുകളിലും പൊതുസമൂഹത്തിലും ഗുരുതര പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന മയക്കുമരുന്ന് ഉപയോഗത്തിനെതിരെ വിദ്യാർഥികളുടെ പോരാട്ടമാണ് ഹ്രസ്വചിത്രത്തിൽ കണ്ടതെന്ന് മന്ത്രി ചൂണ്ടികാട്ടി.

മികച്ച സംവിധായകൻ കോട്ടയം എം.ഡി. സെമിനാരി ഹയർസെക്കൻഡറി സ്കൂളിലെ ഇ.പി നചികേതസ്, മികച്ച തിരക്കഥാകൃത്ത് തൃശൂർ മറ്റത്തൂർ എസ്.കെ എച്ച് എസിലെ വി.എച്ച് കൃഷ്ണ, മികച്ച നടി തൃശൂർ കുഴിക്കാട്ടുശ്ശേരി സെന്റ് മേരീസ് എച്ച്എസിലെ ഒ.ആർ ലക്ഷ്മിപ്രിയ, മികച്ച നടൻ കണ്ണൂർ മണിക്കടവ് സെന്റ് തോമസ് എച്ച് എസ് എസിലെ പി.ബി അഭിഷേക് കൃഷ്ണ, മികച്ച അധ്യാപക കോർഡിനേറ്റർ തൃശൂർ മറ്റത്തൂർ എസ് കെ എച്ച്.എസിലെ രാജ്കുമാർ രഘുനാഥ് എന്നിവർ നേടി. സംസ്ഥാനത്തെ സ്കൂളുകളിലും ആഭ്യന്തര വകുപ്പിന്റെ വിവിധ പരിപാടികളും എക്സൈസ് വകുപ്പിന്റെ വിവിധ ഓറിയന്റേഷൻ പ്രോഗ്രാമുകളിലും ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കും.എസ് സി ഇ ആർ ടി ഡയറക്ടർ കെ കെ മഷൂദ് അധ്യക്ഷനായി. കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ചെയർപേഴ്സൺ പ്രേംകുമാർ, എസ് ഐ ഇ ടി ഡയറക്ടർ ടി സി ബി മുഹമ്മദ്, സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടർ എ പി അഹമ്മദുൽ കബീർ, കെ പി ഹുസൈൻ ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ കെ പി ഹുസൈൻ, അധ്യാപകർ, വിദ്യാർഥികൾ, രക്ഷിതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

അച്ചടി വ്യവസായം പ്രതിസന്ധിയിലെന്ന് തുഷാർ വി. ദോതെ

കൊച്ചി: കടലാസ്, മഷി, രാസവസ്തുക്കൾ തുടങ്ങിയ അസംസ്കൃത വസ്തുക്കളുടെ തുടർച്ചയായ വിലവർധനവ അച്ചടിവ്യവസായത്തെ ഗുരുതര പ്രതിസന്ധിയിലാക്കുന്നതായി ഓൾ ഇന്ത്യ ഫെഡറേഷൻ ഓഫ് മാസ്റ്റർ പ്രിൻറേഴ്സ് അസോസിയേഷൻ പ്രസിഡൻറ് തുഷാർ വി. ദോതെ. വിലവർധന അച്ചടിസംരംഭകരുടെ പ്രവർത്തനച്ചെലവ് വർധിപ്പിക്കുകയും വ്യവസായത്തിൻറെ നിലനില്പനെ ബാധിക്കുകയും ചെയ്യുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

അച്ചടിമേഖലയിലെ ആധുനിക സാങ്കേതികവിദ്യകളും നൂതനസാധ്യതകളും പരിചയപ്പെടുത്തുന്നതിനായി സംഘടിപ്പിക്കുന്ന ഭാരത് എക്സ്പോയുടെ ലക്ഷ്യങ്ങളും പ്രാധാന്യവും വിശദീകരിക്കാനായി നടത്തിയ പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ അച്ചടിമേഖലയ്ക്കു വ്യവസായ പദവി ലഭ്യമാക്കുന്നതിനും ചെറുകിട അച്ചടി സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധികൾക്കു പരിഹാരം കാണുന്നതിനും സർക്കാർ മുൻഗണന നൽകണം. സേവന മേഖലയായാണു അച്ചടിയെ കണക്കാക്കുന്നത്. ഇതു ബാങ്കിംഗ്, വായ്പാസൗകര്യങ്ങൾ ഉൾപ്പടെയുള്ള കാര്യങ്ങളിൽ പ്രതിസന്ധി സൃഷ്ടിക്കുന്നതായും അദ്ദേഹം പറഞ്ഞു. കേരള മാസ്റ്റർ പ്രിൻറേഴ്സ് അസോസിയേഷൻ പ്രസിഡൻറ് രാജേഷ്, സെക്രട്ടറി എൽദോ കെ. ജോർജ്, ട്രഷറർ സാജു എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

ശാസ്ത്ര പ്രഭാഷണ പരമ്പര 'വി–ടോക്ക്' ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ തുടക്കം

വൈറോളജി, മറ്റ് സാംക്രമിക രോഗങ്ങൾ എന്നീ മേഖലകളിലെ ശാസ്ത്രീയ ചർച്ചകളും വിജ്ഞാന കൈമാറ്റവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി 'വി-ടോക്ക് (വൈറോളജി ടോക്ക്)' ശാസ്ത്ര പ്രഭാഷണ പരമ്പരയ്ക്ക് തുടക്കമിട്ടു.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഡയറക്ടർ ഡോ. സി. എച്ച്. സുരേഷ് പരമ്പര ഉദ്ഘാടനം ചെയ്തു. ദശലക്ഷക്കണക്കിന് മനുഷ്യജീവനുകൾ രക്ഷിക്കുന്നതിന് വൈറോളജി ഗവേഷണം കൂടുതൽ ശക്തിപ്പെടുത്തണം. പുതിയ ആശയങ്ങളും ശാസ്ത്രീയ കണ്ടെത്തലുകളും സ്വതന്ത്രമായി പങ്കുവയ്ക്കുന്നതിനും ഗവേഷകർക്കിടയിൽ അർഥവത്തായ ആശയവിനിമയവും ശാസ്ത്രീയ മനോഭാവവും വളർത്തുന്നതിനുമുള്ള തുറന്ന വേദിയായി വി-ടോക്ക് മാറുമെന്നും അദ്ദേഹം പറഞ്ഞു.'ഗർഭകാലത്തെ ഹെപ്പറ്റൈറ്റിസ് ഇ വൈറസ് അണുബാധ: മാതൃ-ഭ്രൂണ പരസ്പര പ്രവർത്തനങ്ങളും രോഗവ്യാപനത്തിന്റെ ജൈവിക സംവിധാനങ്ങളും' എന്ന വിഷയത്തിൽ അസം സർവകലാശാലയിലെ ബയോടെക്നോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. രവി പ്രകാശ് ആര്യ പ്രഭാഷണം നടത്തി.ഗർഭകാലത്തെ ഹെപ്പറ്റൈറ്റിസ് ഇ അണുബാധയുടെ സങ്കീർണമായ രോഗവ്യാപനം കൂടുതൽ മനസ്സിലാക്കുന്നതിനും മാതൃ-ഭ്രൂണ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യങ്ങൾ തടയുന്നതിനും കൂടുതൽ ഗവേഷണം ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

കാലടി സർവകലാശാല: സസ്പെൻഷനിലുള്ള വിദ്യാർഥികൾക്കു സെമസ്റ്റർ പരീക്ഷ എഴുതാനാകില്ല

കൊച്ചി: കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ സസ്പെൻഷനിലുള്ള വിദ്യാർഥികൾക്കു സെമസ്റ്റർ പരീക്ഷയെഴുതാനാകില്ല. ഫീസ് ഈടാക്കി പരീക്ഷയെഴുതാൻ അനുമതി നൽകണമെന്ന സിംഗിൾ ബെഞ്ച് ഉത്തരവ് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് റദ്ദാക്കി.

ഇന്ന് ആരംഭിക്കുന്ന പരീക്ഷയെഴുതാൻ അനുവാദം നൽകിയതു ചോദ്യം ചെയ്ത് സർവകലാശാലയും വിസിയും നൽകിയ അപ്പീൽ അനുവദിച്ചാണ് ജസ്റ്റീസുമാരായ അനിൽ. കെ. നരേന്ദ്രൻ, എസ്. മുരളീ കൃഷ്ണ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിൻറെ ഉത്തരവ്.പരീക്ഷയെഴുതാനും ഹാജർ വ്യവസ്ഥ ഇളവിനുമായും വിദ്യാർഥികൾ അപേക്ഷ നൽകിയിരുന്നില്ലെന്നതടക്കം ചൂണ്ടിക്കാട്ടിയായിരുന്നു അപ്പീൽ. ഇക്കാര്യം കോടതിയും അംഗീകരിച്ചു. ഇതടക്കം നിയമപരമായി പാലിക്കേണ്ട നടപടികൾ സ്വീകരിക്കാതെ പരീക്ഷയെഴുതാൻ സിംഗിൾ ബെഞ്ച് ഉത്തരവിട്ടതു നിലനിൽക്കില്ലെന്ന് ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.സർവകലാശാലയുടെ നിലപാട് ആരായാതെയാണു വിദ്യാർഥികളുടെ ഉപഹർജി പരിഗണിച്ച് സിംഗിൾ ബെഞ്ച് ഇടക്കാല ഉത്തരവിട്ടതെന്നും ഡിവിഷൻ ബെഞ്ച് ചൂണ്ടിക്കാട്ടി.സമരവുമായി ബന്ധപ്പെട്ട അതിക്രമത്തിൻറെ പേരിൽ 16 വിദ്യാർഥികളെയാണു സർവകലാശാല സെപ്റ്റംബർ ഒന്നിന് സസ്പെൻഡ് ചെയ്തത്. ഇതിൽ ആറു ഗവേഷണ വിദ്യാർഥികൾ ഒഴികെയുള്ളവർക്കാണു പരീക്ഷയെഴുതാൻ അനുമതി നൽകിയത്.രണ്ടുമാസം കഴിഞ്ഞിട്ടും സസ്പെൻഷൻ പിൻവലിക്കാത്ത സാഹചര്യം ചൂണ്ടിക്കാട്ടിയായിരുന്നു വിദ്യാർഥികളുടെ ഹർജി. സസ്പെൻഷനെതിരേ വിദ്യാർഥികൾ നൽകിയ ഹർജി സിംഗിൾ ബെഞ്ചിൻറെ പരിഗണനയിലുണ്ട്.

തൊഴിൽ ഭവനിൽ ഭരണഭാഷാവാരാചരണം

ലേബർ കമ്മീഷണറേറ്റ് കേന്ദ്രകാര്യാലയമായ തിരുവനന്തപുരത്തെ തൊഴിൽ ഭവനിൽ ഭരണഭാഷാ വാരാചരണത്തിന്റെ ഉദ്ഘാടനം എഴുത്തുകാരനും ഭരണഭാഷാ വിദഗ്ധനുമായ ഡോ. ഡൊമിനിക് ജെ. കാട്ടൂർ നിർവഹിച്ചു. കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ബിച്ചു എസ്. ബാലൻ അധ്യക്ഷത വഹിച്ചു. അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ) ബീനാമോൾ വർഗീസ് സ്വാഗതം ആശംസിച്ചു. ഉപഹാര സമർപ്പണം അഡീഷണൽ ലേബർ കമ്മീഷണർ (വെൽഫെയർ) കെ. എം. സുനിൽ നിർവഹിച്ചു. ഫിനാൻസ് ഓഫീസർ നിഷാന്ത് വി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബി. ഉമേഷ്, റിസർച്ച് ഓഫീസർ അനിൽകുമാർ സി എന്നിവർ സംബന്ധിച്ചു. പബ്ലിസിറ്റി ഓഫീസർ (ഇൻ ചാർജ്) അമിത്ത് എം. എസ്. നന്ദി രേഖപ്പെടുത്തി. വാരാചരണത്തിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്കായി ക്വിസ്, കവിതാ പാരായണം, വിവിധ രചനാ മൽസരങ്ങൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

ഞങ്ങൾ ട്രംപിനെ വധിക്കും; ടെഹ്റാനിലുടനീളം ചിത്രങ്ങളും ബാനറുകളും

ടെഹ്റാൻ: ടെഹ്റാനിലുടനീളം 'ഞങ്ങൾ ട്രംപിനെ വധിക്കും' എന്ന ചിത്രങ്ങളും ബാനറുകളും സ്ഥിപിച്ച് ഇറാൻ. ടെഹ്റാനിലെ തിരക്കേറിയ എങ്കെലാബ് സ്ക്വയറിൽ ഉയർന്ന കൂറ്റൻ ബിൽബോർഡിൽ തലകുനിച്ച് അഴിക്കുള്ളിൽ നിൽക്കുന്ന നിലയിലാണ് യുഎസ് പ്രസിഡൻറ് ട്രംപിനെ ചിത്രീകരിച്ചിരിക്കുന്നത്. 'ഞങ്ങൾ ട്രംപിനെ വധിക്കും' എന്ന മുന്നറിയിപ്പും ഇതിലുണ്ട്.



തൊട്ടടുത്തുള്ള മറ്റൊരു ബിൽബോർഡിൽ ട്രംപിനൊപ്പം യുഎസ് വൈസ് പ്രസിഡൻറ് ജെ.ഡി. വാൻസ്, ട്രംപിൻറെ പ്രതിനിധി സ്റ്റീവ് വിറ്റ്കോഫ്, ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു എന്നിവരുടെ ചിത്രങ്ങളാണുള്ളത്.പശ്ചിമേഷ്യൻ യുദ്ധത്തിന് തിരികൊളുത്തി ഫെബ്രുവരി 28ന് നടന്ന യുഎസ്-ഇസ്രയേൽ സംയുക്ത ആക്രമണത്തിൽ കൊല്ലപ്പെട്ട മുൻ പരമോന്നത നേതാവ് ആയത്തുല്ല അലി ഖമനയിയുടെ വധത്തിന് പ്രതികാരം ചെയ്യണമെന്ന് ആവശ്യപ്പെട്ട് നിരവധി പേർ ചത്വരത്തിൽ തടിച്ചു കൂടി. ചുവന്ന പതാകകൾ വീശിയും 'രക്തച്ചൊരിച്ചിലുണ്ടാകും' എന്നെഴുതിയ ബാനറുകൾ ഉയർത്തിയുമായിരുന്നു പ്രതിഷേധം.

അമേരിക്കൻ ഇടക്കാല തെരഞ്ഞെടുപ്പ്: ആദ്യ ഫലസൂചനകൾ ഡെമോക്രാറ്റിക് പാർട്ടിക്ക് അനുകൂലം

വാഷിംഗ്ടണ് ഡിസി: അമേരിക്കൻ ഇടക്കാല തെരഞ്ഞെടുപ്പിൽ വോട്ടെണ്ണൽ പുരോഗമിക്കുന്നു. ആദ്യ സൂചനകളിൽ ഡെമോക്രാറ്റിക് പാർട്ടി മുന്നേറുന്നു. സെനറ്റ് തെരഞ്ഞെടുപ്പിൽ ഫലം പുറത്ത് വന്ന 14 സീറ്റുകളിൽ പതിനൊന്ന് ഇടങ്ങളിൽ ഡെമോക്രാറ്റിക് പാർട്ടി വിജയിച്ചു.

കോളറാഡോ, ദെലാവേർ, ജോർജിയ, ഇല്ലിയോണിസ്, മസാച്ചുസെറ്റ്, നോർത്ത് കരോലീന, ന്യൂ ഹാമ്പ്ഷിർ, ന്യൂ ജേഴ്സി, ന്യൂ മെക്സിക്കോ, റോഡ് ഐലൻറ്, വെർജീനിയ എന്നിവിടങ്ങളിലാണ് വിജയം. ഫ്ളോറിഡ, വെസ്റ്റ് വെർജീനിയ, വ്യോമിംഗ് എന്നിവിടങ്ങളിൽ റിപ്പബ്ലിക്കൻസ് സീറ്റ് നിലനിർത്തി. 21 ഇടങ്ങളിലെ ഫലം പുറത്ത് വരാനുണ്ട്.

ജനപ്രതിനിധി സഭയിലും നോർത്ത് കരോലീനയിൽ റിപ്പബ്ലിക്കൻ സീറ്റ് പിടിച്ചെടുത്ത് ഡെമോക്രാറ്റിക് പാർട്ടി. ഡെമോക്രാറ്റിക് സ്ഥാനാർഥി ജാമി ആഗർ ആണ് 58.5% വോട്ട് നേടി വിജയിച്ചത്. റിപ്പബ്ലിക്കൻ പാർട്ടിയുടെ ജെനിഫർ കാപ്സ് ബാൽക്കോമിനെയാണ് തോൽപ്പിച്ചത്. നിർണായക പോരാട്ടമാണ് സീറ്റുകളിൽ നടക്കുന്നത്. ഡെമോക്രാറ്റ് ക്യാമ്പുകൾക്ക് ആശ്വാസം പകരുന്നതാണ് ആദ്യ ഫലസൂചനകൾ.

അമേരിക്കൻ പ്രസിഡൻറ് ഭരണത്തിൻറെ പകുതിയിൽ വച്ച് നടത്തുന്ന തെരഞ്ഞെടുപ്പായതിനാലാണ് ഇത് ഇടക്കാല തെരഞ്ഞെടുപ്പ് എന്നറിയപ്പെടുന്നത്. കോൺഗ്രസിലെ ഇരുസഭകളിലും ഈ തെരഞ്ഞെടുപ്പ് മാറ്റമുണ്ടാക്കുമെന്നാണ് കരുതുന്നത്.

അമേരിക്കൻ ജനപ്രതിനിധി സഭയിലെ 435 സീറ്റുകളിലേക്കും സെനറ്റിലെ 100 സീറ്റുകളിൽ 35 എണ്ണത്തിലേക്കുമാണ് തെരഞ്ഞെടുപ്പ് നടന്നത്. കൂടാതെ 36 സംസ്ഥാനങ്ങളിലെ ഗവർണർ സ്ഥാനങ്ങളിലേക്കും വോട്ടെടുപ്പ് നടക്കുന്നു. ഏകദേശം 21 കോടി (210 മില്യൺ) ആളുകളാണ് ഈ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്തത്.

ക്യാമ്പസുകളിൽ ഇനി റാഗിങ് ഭയം വേണ്ട; പേര് വെളിപ്പെടുത്താതെ പരാതിപ്പെടാൻ 'സിദ്ധാർത്ഥ്' ആപ്പ്

ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെമ്പർ പദ്ധതിക്ക് നവംബർ നാലിന് തുടക്കം

ശാസ്ത്രീയ മനോഭാവവും യുക്തിസഹമായ അന്വേഷണ സംസ്കാരവും വിദ്യാർത്ഥികളിൽ പ്രോത്സാഹിപ്പിക്കുന്നതിനായി ആരംഭിക്കുന്ന ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെമ്പർ പദ്ധതിയും വിദ്യാർത്ഥികളുടെ സുരക്ഷയും ക്ഷേമവും ലക്ഷ്യമിടുന്ന സിദ്ധാർത്ഥ് സ്റ്റുഡന്റ് വെൽഫെയർ ആപ്പിന്റെ ലോഞ്ചും നവംബർ നാലിന് നടക്കും . രാവിലെ 11.30 ന് തിരുവനന്തപുരം ഗവ: വിമൻസ് കോളേജിൽ നടക്കുന്ന ചടങ്ങിൽ ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെമ്പർ ആദ്യ ഉപകേന്ദ്രത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി. സതീശൻ നിർവഹിക്കും. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഗതാഗത വകുപ്പ് മന്ത്രി സി.പി. ജോണും പങ്കെടുക്കും.

വിദ്യാർത്ഥി ക്ഷേമവും ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുരോഗതിയും ലക്ഷ്യമിട്ടുള്ള പ്രധാന പദ്ധതികളായ സ്റ്റുഡന്റ് ആസ്പിരേഷൻ സർവേ പുറത്തിറക്കൽ, സി-ഡിറ്റുമായി സഹകരിച്ച് തയ്യാറാക്കിയ ശാസ്ത്രീയ മനോഭാവത്തെക്കുറിച്ചുള്ള ഓൺലൈൻ കോഴ്സ് എന്നിവയും ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും.

ശാസ്ത്രബോധത്തിന് 300 കേന്ദ്രങ്ങൾ

കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെമ്പർ പദ്ധതിയിലൂടെ ശാസ്ത്ര ബോധം, മാനവികത, അന്വേഷണാത്മക ചിന്ത എന്നിവ വിദ്യാർത്ഥികളിൽ വളർത്തുകയാണ് ലക്ഷ്യം. ഇതിനായി 300 കേന്ദ്രങ്ങളിലൂടെ 15 ലക്ഷം യുവാക്കളിലേക്കും പൊതുസമൂഹത്തിലേക്കും ശാസ്ത്രബോധ പ്രചാരണം എത്തിക്കും. ശാസ്ത്രബോധ ഓൺലൈൻ കോഴ്സിനൊപ്പം കൈപ്പുസ്തകങ്ങൾ, വീഡിയോ റീലുകൾ എന്നിവയും തയാറാക്കും.

വിദ്യാർഥികളുടെ സുരക്ഷയ്ക്ക് സിദ്ധാർത്ഥ് ആപ്പ്

റാഗിങ് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ രഹസ്യമായി അറിയിക്കാനും സഹായം തേടുന്നതിനും വിദ്യാർത്ഥികൾക്ക് സൗകര്യമൊരുക്കുന്നതാണ് സിദ്ധാർത്ഥ് സ്റ്റുഡന്റ് വെൽഫെയർ ആപ്പ്. വ്യക്തിത്വം വെളിപ്പെടുത്താതെ ഓഡിയോ പരാതികൾ രേഖപ്പെടുത്താനും സുരക്ഷാ വിവരങ്ങൾ ബന്ധപ്പെട്ടവരെ അറിയിക്കാനും ആപ്പിലൂടെ സാധിക്കും. ആപ്പിന് നിയമപരമായ അടിത്തറ ഉറപ്പാക്കുന്നതിനും സംസ്ഥാന ആന്റി റാഗിങ് കമ്മീഷൻ രൂപീകരിക്കുന്നതിനുമായി സിദ്ധാർത്ഥ് ആന്റി റാഗിങ് ആക്ടിന്റെ കരട് സർക്കാരിന്റെ പരിഗണനയിലാണ്. ശാസ്ത്ര മനോഭാവവും വിദ്യാർഥികളുടെ സുരക്ഷയും ക്ഷേമവും ശക്തിപ്പെടുത്തുന്ന ഈ പദ്ധതികൾ ഉന്നതവിദ്യാഭ്യാസ മേഖലയെ കൂടുതൽ വിദ്യാർഥി സൗഹൃദവും പുരോഗമനപരവുമാക്കുന്നതിനുള്ള സർക്കാരിന്റെ ഇടപെടലുകളുടെ ഭാഗമാണെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ പറഞ്ഞു.

മുറാസു ചുഴലിക്കാറ്റ്: തെലങ്കാനയിൽ കുടുങ്ങിയ 91 അംഗ പഠനയാത്രാസംഘത്തെ തിരികെയെത്തിക്കും

മുറാസു ചുഴലിക്കാറ്റിനെ തുടർന്ന് തെലങ്കാനയിലെ സെക്കന്തരാബാദിൽ കുടുങ്ങിയ ഇടുക്കി സേനാപതിയിലെ മാർ ബേസിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികൾ ഉൾപ്പെടുന്ന 91 അംഗ സംഘത്തെ സുരക്ഷിതമായി നാട്ടിലെത്തിക്കും. ഇക്കഴിഞ്ഞ 31 നാണ് സംഘം പഠനയാത്രയ്ക്കായി ട്രെയിൻ മാർഗം സെക്കന്തരാബാദിലേയ്ക്ക് പോയത്. യാത്ര പൂർത്തിയാക്കി നവംബർ മൂന്നിന് ഉച്ചയ്ക്ക് 2.30 നുള്ള ട്രെയിനിൽ നാട്ടിലേയ്ക്ക് മടങ്ങാനിരുന്നതുമാണ്. താമസസ്ഥലത്തുനിന്ന്

റെയിൽവേ സ്റ്റേഷനിലേയ്ക്കുള്ള യാത്രാമധ്യേയാണ് മുറാസു ചുഴലിക്കാറ്റിനെതുടർന്നുള്ള സാഹചര്യം കണക്കിലെടുത്ത് ട്രെയിനുകൾ റദ്ദാക്കിയെന്ന് വിവരം അറിയുന്നത്. തുടർന്ന് സംഘം മുഖ്യമന്ത്രിയുടെ ഓഫീസുമായും ഉടുമ്പൻചോല എം എൽ എ അഡ്വ സേനാപതി വേണുവുമായും ബന്ധപ്പെട്ടു. തുടർന്നാണ് മുഖ്യമന്ത്രിയുടെ ഓഫീസിന്റെ നിർദ്ദേശാനുസരണം പഠനയാത്രാസംഘത്തിന്റെ മടക്കയാത്രയും അതുവരെയുള്ള താമസസൗകര്യവും നോർക്ക റൂട്ട്സ് വഴി ലഭ്യമാക്കാൻ നിർദ്ദേശിച്ചത്. നിലവിൽ മുറാസു ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ റെയിൽ-റോഡ് യാത്രയ്ക്ക് പ്രതിസന്ധിയുണ്ട്. പ്രതികൂല സാഹചര്യം മാറുന്ന മുറയ്ക്ക് ഇവരെ റോഡു-റെയിൽ മാർഗം നാട്ടിലെത്തിക്കാനാണ് ശ്രമം. ബംഗലൂരു, ചെന്നൈ എൻ.ആർ.കെ ഡെവലപ്മെന്റ് ഓഫീസർമാർ തെലങ്കാനയിലെ മലയാളി അസ്സോസിയേഷനുകളുമായി ചേർന്ന് സഹകരിച്ചാണ് സഹായങ്ങൾ ലഭ്യമാക്കിവരുന്നത്.

അമേരിക്കയിൽ ഇടക്കാല വോട്ടെടുപ്പ് തുടങ്ങി; ഫലസൂചന രാവിലെ

വാഷിംഗ്ടൺ ഡിസി: പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ രണ്ടാം ഭരണകാലത്തെ ആദ്യ രണ്ടു വർഷത്തെ വിലയിരുത്തുന്ന ഇടക്കാല തെരഞ്ഞെടുപ്പിൽ ജനങ്ങൾ വിധിയെഴുതിത്തുടങ്ങി. ഇന്ത്യൻ സമയം ഇന്നു പുലർച്ചെ 5.30നാണ് വോട്ടെടുപ്പ് അവസാനിക്കുക. തുടർന്ന് വോട്ടെണ്ണൽ ആരംഭിക്കും.ജനപ്രതിനിധി സഭയിലെ 435 സീറ്റുകളിലേക്കും സെനറ്റിലെ 35 സീറ്റുകളിലേക്കും 36 സംസ്ഥാനങ്ങളിലെ ഗവർണർ പദവികളിലേക്കുമാണ് വോട്ടെടുപ്പ് നടക്കുന്നത്.ഭരണകക്ഷിയായ റിപ്പബ്ലിക്കൻ പാർട്ടിയെ അട്ടിമറിച്ച് ജനപ്രതിനിധി സഭ ഡെമോക്രാറ്റുകൾ പിടിച്ചെടുക്കാൻ സാധ്യതയുണ്ടെന്ന് സർവേകളും രാഷ്ട്രീയനിരീക്ഷകരും വിലയിരുത്തുമ്പോൾ, സെനറ്റിലെ ഭൂരിപക്ഷം സംബന്ധിച്ച് കടുത്ത അനിശ്ചിതത്വം നിലനിൽക്കുന്നു.രണ്ടാം ലോകമഹായുദ്ധത്തിനുശേഷം രണ്ടു തവണയൊഴികെയുള്ള ഇടക്കാല തെരഞ്ഞെടുപ്പുകളിൽ ഭരണകക്ഷിക്കു കോൺഗ്രസിൽ തിരിച്ചടി നേരിട്ടു. ഇറാനുമായുള്ള യുദ്ധവും ഇന്ധനവില വർധനയും പണപ്പെരുപ്പവും ട്രംപിൻറെ ജനപ്രീതിയെ ബാധിച്ചിട്ടുണ്ട്.അതേസമയം, ജനങ്ങളുടെ പ്രധാന വേവലാതിയായ പണപ്പെരുപ്പം പരിഹരിക്കപ്പെട്ടെന്നും ഫലം പ്രതീക്ഷിച്ചതിലും മികച്ചതായിരിക്കുമെന്നും ട്രംപ് അവ കാശപ്പെട്ടു.

ആർടിഎ പ്രകാരമുള്ള ഫീസ് മാത്രമേ ഈടാക്കാവൂ: ഹൈക്കോടതി

കൊച്ചി: വിവരാവകാശ നിയമപ്രകാരം രജിസ്ട്രേഷൻ വകുപ്പിൽ നൽകുന്ന അപേക്ഷകൾക്ക് ആർടിഎ പ്രകാരമുള്ള ഫീസ് മാത്രമേ ഈടാക്കാവൂ എന്ന് ഹൈക്കോടതി.അഗളി സബ് രജിസ്ട്രാർ ഓഫിസിൽ ചില രേഖകൾ ആവശ്യപ്പെട്ടു വിവരാവകാശ അപേക്ഷ നൽകിയപ്പോൾ റജിസ്ട്രേഷൻ ചട്ടപ്രകാരം നിശ്ചയിച്ചിട്ടുള്ള ഉയർന്ന ഫീസ് ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട അപ്പീൽ ഹർജിയിലാണു ജസ്റ്റീസുമാരായ ദേവൻ രാമചന്ദ്രൻ, ബസന്ത് ബാലാജി എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിൻറെ ഉത്തരവ്.